

# ക്രിസ്തീയ സോദരി

2024 നവംബർ - ഡിസംബർ

## സമ്മാനങ്ങൾ.. ദാനങ്ങൾ...

രക്ഷ

ഭാര്യ

മക്കൾ

ക്രിസ്തു

കൃപാവരങ്ങൾ

പരിശുദ്ധാത്മാവ്





# ഉൾത്താളുകളിൽ



04 ആധുനിക ലോകത്തെ ബന്ധങ്ങൾ


മക്കൾ ദൈവം തരുന്ന ദാനം 07


20 ഭാര്യ – ദൈവത്തിന്റെ ദാനം

Embracing Uncertainty: A Season of Hope 29



ഗിഫ്റ്റ് 18


12 രൂത്ത്

| | |
|---|---|
| ക്രിസ്തു ദൈവത്തിന്റെ ദാനം | 03 |
| പരിശുദ്ധാത്മാവ് എന്ന ദാനം | 09 |
| ക്രിസ്തുമസ് സമ്മാനം | 15 |
| രക്ഷ എന്ന ദാനം | 23 |
| കൃപാവരങ്ങൾ എന്ന ദാനം | 25 |
| മാറ്റങ്ങളെ ഭയക്കുന്നുവോ? | 28 |
| ഗുരുമൊഴി | 31 |



ക്രിസ്തീയ
**സോദരി**

**ദ്വൈമാസിക**
നവംബർ - ഡിസംബർ '24

എഡിറ്റർ:
ലൗലി ജോർജ്

അസ്സോസിയേറ്റ് എഡിറ്റേഴ്സ്:
ഡോ. ഗ്രെയ്സ് ജോൺസൻ
മേരി എസ് ജോർജ്
ഷൈനി അഭിലാഷ്
ജിൻസി ജിമ്മി

ഉപദേശക സമിതി:
ഫേബ ജേക്കബ്
മറിയാമ്മ അലക്സാണ്ടർ

സാങ്കേതിക സഹായം:
കിന്നെരെത്ത് മീഡിയ

www.**sodari.in**





Listen to audio version



എഡിറ്റോറിയൽ

ലൗലി ജോർജ്

# ക്രിസ്തു ദൈവത്തിന്റെ ദാനം

വീണ്ടും ഒരു ക്രിസ്മസ് കാലം കൂടി വന്നെത്തി. ലോകരക്ഷകനായ യേശു ക്രിസ്തുവിന്റെ ജനനത്തെ അനുസ്മരിക്കുന്ന ക്രിസ്മസ് വരവേൽക്കുവാൻ നാടും നഗരവും ഒരുങ്ങി കഴിഞ്ഞു. പുൽക്കൂട് ഒരുക്കിയും നക്ഷത്ര വിളക്കുകൾ തെളിയിച്ചും വർണ്ണശബളമായ ലൈറ്റുകൾ ചാർത്തിയും വീടുകളും വഴിയോരങ്ങളും വർണാഭമായിരിക്കുന്നു. ദേവാലയങ്ങളിൽ ഡിസംബർ ആദ്യ വാരത്തോടെ ക്രിസ്മസിനുള്ള ഒരുക്കം തുടങ്ങി കഴിഞ്ഞു. യേശുക്രിസ്തുവിന്റെ ജനനത്തെ ഉദ്ഘോഷിക്കുന്ന ഈ ആഘോഷത്തിൽ ക്രൈസ്തവർ അടക്കം മിക്ക മതവിഭാഗങ്ങളും പങ്കാളികളാകുന്നത് വേറിട്ട ഒരു കാഴ്ച തന്നെയാണ്. ക്രൈസ്തവ ഭൂരിപക്ഷം കുറവുള്ള രാജ്യങ്ങളിൽ പോലും ക്രിസ്മസ് ആഘോഷിക്കുന്നുണ്ട്. പല ആചാരങ്ങളും അനുഷ്ഠാനങ്ങളും ക്രിസ്മസിനോട് അനുബന്ധിച്ച് നിലനില്ക്കുന്നുണ്ട്. ക്രിസ്മസ് ട്രീയും സാന്റാക്ലോസും ഇതിന്റെ ഭാഗമായി കടന്നു കൂടിയതാണ്.

ലോകമെമ്പാടും ഇത്രയേറെ ആഘോഷമാക്കുന്ന യേശു ക്രിസ്തുവിന്റെ ജനനത്തിന്റെ പ്രസക്തി എന്താണെന്ന് ഇനിയും അനേകർ തിരിച്ചറിഞ്ഞിട്ടില്ല. ഒരു പുണ്യപുരുഷന്റെ ജനനദിവസം എന്നതിനേക്കാൾ ക്രിസ്തുവിന്റെ ജനനത്തിന്റെ പ്രാധാന്യവും ദൈവീക ഉദ്ദേശവും മനസ്സിലാക്കാതെ പോകുന്നത് ഖേദകരമാണ്.

ക്രിസ്തു ലോക രക്ഷിതാവാണ്. പിതാവായ ദൈവം തന്റെ പുത്രനായ ക്രിസ്തുവിനെ ഈ ലോകത്തിലേക്ക് അയച്ചു. ദൈവമായിരുന്ന ക്രിസ്തു, മനുഷ്യാവതാരമെടുത്ത് ഈ ലോകത്തിലേക്കു വന്നത് പാപികളായ മനുഷ്യർക്ക് നിത്യരക്ഷ ഒരുക്കുവാൻ വേണ്ടിയായിരുന്നു. സാധാരണ ഒരു വ്യക്തിയെ പോലെ ഈ ലോകത്തിൽ ജനിച്ച് എന്തെങ്കിലും അത്ഭുതങ്ങളും അടയാളങ്ങളും നടത്തി, അല്പം സാരോപദേശങ്ങളും നല്കി ജീവിതം തീർത്ത ഒരു വ്യക്തിയല്ല ക്രിസ്തു. ക്രൈസ്തവരുടെ ഇടയിൽ പോലും ഭൗതീക ആവശ്യങ്ങൾ നിറവേറ്റുന്ന ഒരു വ്യക്തിയായി മാത്രം ക്രിസ്തുവിനെ കാണുന്നത് ആത്മീക അരാജകത്വം എന്നേ പറയാനാകൂ. ഏതു പ്രശ്നത്തിനും പരിഹാരം കണ്ടെത്തുവാൻ കഴിയും. എന്നാൽ ലോകചരിത്രത്തിൽ പാപം എന്ന മാരകവിപത്തിന് പരിഹാരം വരുത്തുവാൻ കർത്താവായ യേശുക്രിസ്തുവിനു മാത്രമേ കഴിഞ്ഞിട്ടുള്ളു. സ്തോത്രം!!! പാപമോചനം ക്രിസ്തു തരുന്നു.

» 11

കാലികം

# ആധുനിക ലോകത്തെ ബന്ധങ്ങൾ



സോന ജിതിൻ




അനുദിനം മാറിക്കൊണ്ടിരിക്കുന്ന ഈ ലോകത്ത് ബന്ധങ്ങളെക്കുറിച്ചും വിവാഹത്തെക്കുറിച്ചും ഉള്ള ചിന്താഗതികൾ തന്നെ മാറിമറിഞ്ഞുകൊണ്ടിരിക്കുന്നു. ഒരു കാലത്ത് രണ്ടു പേർ തമ്മിൽ ഏറ്റവും പരിശുദ്ധമായി കണ്ടിരുന്ന, ദൈവാനുഗ്രഹത്താൽ നയിച്ചിരുന്ന ബന്ധങ്ങൾ ഇന്ന് വളരെ ലാഘവത്തോടെ വ്യക്തി താല്പര്യങ്ങൾക്ക് അനുസരിച്ച് നയിക്കുന്നതായാണ് നാം കണ്ടുവരുന്നത്. വ്യക്തിബന്ധങ്ങൾ എങ്ങനെ ആയിരിക്കണം എന്നും അതിന്റെ വിശുദ്ധിയെക്കുറിച്ചും വളരെ സ്പഷ്ടമായി തിരുവെഴുത്ത് നമുക്ക് പറഞ്ഞ് തരുന്നുണ്ട്. എന്നാൽ ഇന്നത്തെ സമൂഹം അതിന്റെ മൂല്യങ്ങൾ ഗണ്യമാക്കുന്നില്ല. ജീവിതാവസാനം വരെ നീണ്ടുനിൽക്കുന്ന ഒരു ഉടമ്പടിയാണ് ദൈവാനുഗ്രഹത്താൽ നടക്കുന്ന ഓരോ വിവാഹങ്ങളും. ക്രിസ്തു സഭയെ സ്നേഹിച്ചതു പോലെ ഭർത്താവ് ഭാര്യയെ നിസ്വാർത്ഥമായി സ്നേഹിക്കണം എന്നും വിശുദ്ധിയോടെ ആ ബന്ധത്തെ നാം കാത്തുസൂക്ഷിക്കേണം എന്നും നമ്മെ ഓർമ്മപെടുത്തുന്നു. ക്രിസ്തീയബന്ധങ്ങളുടെ അടിസ്ഥാനം എന്നത് സ്നേഹം, ദീർഘക്ഷമ, ദയ എന്നിവയിലാണ്.


എന്നാൽ ഇന്നത്തെ തലമുറ വേദപുസ്തകത്തിലെ അടിസ്ഥാന ഉപദേശങ്ങളെ നിഷേധിച്ചു കൊണ്ടാണ് ജീവിക്കുന്നത്. ദൈവസന്നിധിയിൽ ഇരുന്ന് തന്റെ ലഭിക്കുന്ന ജീവിത പങ്കാളിയെ കുറിച്ച് പ്രാർത്ഥിച്ച് ദൈവത്തിന്റെ ആലോചനയ്ക്കായി കാത്തു നിൽക്കാതെ, സ്വന്തം താല്പര്യങ്ങൾക്കനുസരിച്ച് പങ്കാളികളെ തിരഞ്ഞെടുക്കുന്നവരായി മാറി ഇന്നത്തെ നമ്മുടെ യുവതലമുറ. ബന്ധങ്ങളെല്ലാം വൈകാരിക നിമിഷങ്ങൾ കീഴടക്കുവാൻ വേണ്ടിയുള്ള ഒരു ഉപാധിയായി ഇന്ന് മാറി കൊണ്ടിരിക്കുന്നു. അതിൽ സഹനവും സ്നേഹവും പ്രതിബദ്ധതയും അന്യം നിന്നു പോയിരിക്കുന്നു.




ആധുനിക ബന്ധങ്ങളുടെ കാതലായ ഒരു പ്രശ്നം പ്രതിബദ്ധത ഇല്ലായ്മയാണ്. ജീവിതാവസാനം വരെയുള്ള ഉടമ്പടിയായ വിവാഹം എന്നത് വളരെ കുറച്ച് ദിവസങ്ങൾ മാത്രം ദൈർഘ്യമുള്ള ഒന്നായി മാറിക്കഴിഞ്ഞു. ഇന്ന് യുവതിയുവാക്കൾ ദമ്പതിമാരെ പോലെ വിവാഹത്തിനു മുമ്പ് പങ്കാളിയുമൊത്ത് ഒന്നിച്ചു താമസിക്കുകയും അതിൽ അവർ ആഗ്രഹിക്കുന്നതുപോലെ കാര്യങ്ങൾ നടന്നില്ലെങ്കിൽ ഒന്നിച്ചുചേർന്നു പോകുവാൻ സാധിക്കയില്ല എന്ന് മനസിലാക്കുകയും വളരെ ലാഘവത്തോടെ ആ പങ്കാളിയെ മാറ്റുകയും മറ്റൊരു വ്യക്തിക്കു വേണ്ടി തിരച്ചിൽ ആരംഭിക്കയും ചെയ്യുന്നു. ഈ ഒരു അവസ്ഥ വിവാഹ ജീവിതത്തിലുള്ള വിശുദ്ധിയെയും വിവാഹ ഉടമ്പടിയെയും നിരർത്ഥകമാക്കുകയാണ്. വിവാഹത്തിനു മുമ്പുള്ള ലൈംഗീക ബന്ധങ്ങൾ വിശുദ്ധ വേദപുസ്തകം ശക്തമായി എതിർക്കുന്ന വേഴ്ചകൾ, ഇവയെല്ലാം ഇന്നത്തെ സമൂഹത്തിൽ വിവാഹ ബന്ധങ്ങളുടെ പരിശുദ്ധിയെ തന്നെ നിഷേധിക്കുന്ന രീതിയിൽ നമ്മുടെ സമൂഹം അംഗീകരിച്ചു കഴിഞ്ഞു.

ദുഃഖകരമായ മറ്റൊരു കാര്യം ഇന്നത്തെ യുവതലമുറ സ്വന്തം മാതാപിതാക്കളോട് ഇതേ രീതിയിൽ തന്നെയാണ് പെരുമാറുന്നത്. മാതാപിതാക്കളെ ആദരിക്കാതെ, അവർ പറയുന്നതൊന്നും ഉൾക്കൊള്ളാതെ വ്യക്തി താല്പര്യങ്ങളെ മാത്രം മുൻനിറുത്തി തീരുമാനങ്ങൾ എടുക്കുന്നു. എഫെസ്യർ 6:2 - ൽ മാതാപിതാക്കളെ ബഹുമാനിക്കേണ്ടതിന്റെ പ്രാധാന്യത്തെപ്പറ്റി വിശദീകരിക്കുന്നുണ്ട്. എന്നാൽ വേദപുസ്തകത്തിലെ ഈ വചനങ്ങളെ കൈക്കൊള്ളാതെ സ്വന്ത ഇഷ്ടപ്രകാരം ജീവിതം നയിക്കുന്നവരാണ് ഇന്നത്തെ തലമുറകൾ. വസ്ത്രം മാറുന്നതുപോലെയാണ് അവർ പങ്കാളികളെ മാറ്റുന്നത്. ഇത്തരം മാറ്റത്തിനു സാമൂഹ്യ മാധ്യമങ്ങളുടെ പങ്ക് നാം അറിയാതെ പോകരുത്. ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം, ടിക്ക് ടോക് മുതലായവ ബന്ധങ്ങളെ വിവിധ രീതിയിൽ വളരെ വിഷമയമായി അവതരിപ്പിക്കുന്നു. സൗന്ദര്യം, പദവി, പണം എന്നിവയെല്ലാം തെറ്റായ രീതിയിൽ ഉയർത്തി കാണിക്കുകയും ഒപ്പം പ്രതിബദ്ധതയേയും സത്യസന്ധതയേയും അവമതിച്ചു കളയുകയും ചെയ്യുന്നു. വിശ്വാസി, അവിശ്വാസി എന്ന വ്യത്യാസമില്ലാതെ തന്നെ എല്ലാവരും മാധ്യമങ്ങളിൽ കാണുന്ന മിഥ്യാ ജീവിതങ്ങളിൽ ആകൃഷ്ടരാകുന്നു. ഇതു അവർ അറിയാതെ തന്നെ അവരെ അസംതൃപ്തരാക്കി മാറ്റുന്നു. തന്മൂലം ദൈവാനുസൃതമല്ലാത്ത രീതിക്ക് തീരുമാനങ്ങൾ എടുക്കുവാനും അതിൽ ഉഴന്ന് ജീവിക്കേണ്ട അവസ്ഥ ഉണ്ടാകുന്നു. അതിലുപരി ഇന്നത്തെ തലമുറയിൽ എല്ലാം തൽക്ഷണം

എല്ലാവരും മാധ്യമങ്ങളിൽ കാണുന്ന മിഥ്യാ ജീവിതങ്ങളിൽ ആകൃഷ്ടരാകുന്നു



**ദൈവത്തിൽ പൂർണാശ്രയം വയ്ക്കുന്ന അനോന്യം ആത്മീയമായി നടത്താൻ കഴിയുന്ന വ്യക്തിയായിരിക്കണം നമ്മുടെ ജീവിത പങ്കാളി**




(Instant) ആയതിനാൽ എല്ലാ കാരുങ്ങളും അതിവേഗം ലഭിക്കുവാൻ ആഗ്രഹിക്കുന്നു. അത് ഇപ്പോൾ നമ്മുടെ സംസ്കാരത്തിന്റെ തന്നെ ഭാഗമായി തീർന്നു. ഇപ്പോൾ പങ്കാളിയുമൊത്ത് ജീവിക്കുമ്പോൾ തന്നെ പ്രതികൂലമായ സാഹചര്യങ്ങൾ വരുമ്പോൾ അതിനെ ഒന്നിച്ച് നേരിടുന്നതിലുപരി അത് അവസാനിപ്പിക്കുവാനാണ് ശ്രമിക്കുന്നത്. വേദപുസ്തകം നമ്മെ സ്നേഹത്തിലൂടെയുള്ള സഹനവും ക്ഷമയും പഠിപ്പിക്കുമ്പോൾ എല്ലാം ഇൻസ്റ്റന്റായി ആഗ്രഹിക്കുന്ന സമൂഹം ആത്മീയ സത്യങ്ങൾ എല്ലാം തന്നെ വിസ്മരിച്ചു കളയുന്നു.

സ്വാർത്ഥമായ ബന്ധങ്ങൾക്ക് പ്രധാന്യം നൽകുന്ന ഈ സമൂഹത്തിൽ എത്ര മാത്രം ദൈവത്തോട് ചേർന്നുനിൽക്കുവാൻ നാം ശ്രമിക്കുന്നുണ്ട്? യഥാർത്ഥമായ സ്നേഹവും നിലനിൽക്കുന്ന ബന്ധങ്ങൾക്കും ദൈവകൃപയും നടത്തിപ്പും വളരെയധികം ആവശ്യമാണ്. സദൃശവാക്യങ്ങൾ 3:5-6 പറയുന്നതുപോലെ പൂർണഹൃദയത്തോടെ യഹോവയിൽ ആശ്രയിച്ച് സ്വന്ത വിവേകത്തിൽ ഊന്നാതെ നമ്മുടെ എല്ലാവഴികളിലും കർത്താവിനെ നിനച്ചു കൊണ്ട് ജീവിക്കുവാൻ നമുക്ക് കഴിയണം. നമ്മുടെ ജീവിതത്തിലേക്ക് ദൈവത്തെ ക്ഷണിക്കുവാനും എല്ലാ കാര്യങ്ങൾക്കും ദൈവിക ആലോചനയെ ചോദിക്കുവാനും നമുക്ക് സാധിക്കണം. ജീവിതപങ്കാളിയെ തിരഞ്ഞെടുക്കുക എന്നത് വളരെ അധികം പ്രാർത്ഥനയോടെ ചെയ്യേണ്ട ഒരു കാര്യമാണ് അതിനെ അലക്ഷ്യമാക്കി കളയരുത്. ദൈവത്തിൽ പൂർണാശ്രയം വയ്ക്കുന്ന അനോന്യം ആത്മീയമായി നടത്താൻ കഴിയുന്ന വ്യക്തിയായിരിക്കണം നമ്മുടെ ജീവിത പങ്കാളി. അടിസ്ഥാനം ക്രിസ്തുവിൽ തുടങ്ങുന്ന ബന്ധങ്ങൾ എല്ലാം തന്നെ ദൈവസ്നേഹം നമ്മിൽ പ്രതിഫലിക്കത്തക്കവണ്ണം ശക്തമാണ്.

നശിച്ചുകൊണ്ടിരിക്കുന്ന ഈ ലോകത്തിൽ ദൈവാശ്രയത്തോടെ ജീവിക്കണം. ലോകത്തിലെ പ്രതികൂല അവസ്ഥകളെ തരണം ചെയ്ത് ദൈവസ്നേഹത്തിൽ ഊന്നി, ദൈവഹിതത്താൽ അനുഗ്രഹിക്കപ്പെട്ട കുടുംബജീവിതങ്ങൾ നയിക്കാൻ നമുക്ക് കഴിയണം. ക്രിസ്തുവിനു സഭയോടുള്ള സ്നേഹത്തെ പ്രതിഫലിപ്പിക്കുവാൻ കഴിയുന്നതുപോലെ സ്നേഹമുള്ള കുടുംബജീവിതം നയിക്കുവാൻ ദൈവമക്കളായ നമുക്കും സാധിക്കട്ടെ.

**സ്വാർത്ഥമായ ബന്ധങ്ങൾക്ക് പ്രധാന്യം നൽകുന്ന ഈ സമൂഹത്തിൽ എത്ര മാത്രം ദൈവത്തോട് ചേർന്നു നിൽക്കുവാൻ നാം ശ്രമിക്കുന്നുണ്ട്?**





# മക്കൾ ദൈവം തരുന്ന ദാനം

വീക്ഷണം



ഷൈനി
അഭിലാഷ്

പിറന്നു വീഴുന്ന ഓരോ കുഞ്ഞിന്റെയും കരച്ചിൽ ചുറ്റുമുള്ളവരുടെ ചുണ്ടിൽ ചിരി വിരിയിക്കുന്ന സമയമാണ്. വലിയ സന്തോഷത്തിന്റെയും പ്രതീക്ഷയുടെയും പൂർണതയാണ് ഒരു ജനനത്തിങ്കൽ സംഭവിക്കുന്നത്. ഇന്ന് ഓരോ ജനനവും ഏറെ ആഘോഷിക്കപ്പെടുന്നു. പേര് വിളിച്ചു കുഞ്ഞിനെ കൈകളിൽ തരുമ്പോൾ മാത്രം പിതാവും ബന്ധുമിത്രാദികളും കുഞ്ഞുവാവയെ കണ്ടിരുന്ന കാലത്തിൽ നിന്നും പ്രിയതമക്കൊപ്പം പ്രസവമുറികളിലേക്ക് പുരുഷ സാന്നിധ്യം കൂടെ എത്തിനിൽക്കുന്ന കാലമാണ് ഇത്. ഒരു കുഞ്ഞു പിറവിയെടുക്കുമ്പോൾ ഒരു കുടുംബം മുഴുവൻ പുതുമയിലേക്ക് എത്തുന്നു. വ്യക്തി സ്വാതന്ത്ര്യവും സമയവും ഹനിക്കപ്പെടുമ്പോഴും, ശ്രദ്ധാകേന്ദ്രമായി കുഞ്ഞു മാറുമ്പോഴും ഭാര്യക്കും ഭർത്താവിനും വേണ്ട പരിഗണന പരസ്പരം കിട്ടുന്നില്ല എന്ന തോന്നൽ നിലനില്കുമ്പോഴും ഈ അവസ്ഥ ഒരു ഭാഗ്യം തന്നെയാണ്.

ഒരു കുഞ്ഞ് പിറവിയെടുക്കുന്നത് ഒരു സ്വാഭാവികമായ പ്രതിഭാസമായി പലരും കാണുന്നു. എന്നാൽ ഒരു ദൈവ വിശ്വാസിക്ക് ഒരിക്കലും അങ്ങനെ ചിന്തിക്കാനാകില്ല. അംഗവൈകല്യമുള്ളവരെയോ ബുദ്ധിവളർച്ച കുറഞ്ഞവരെയോ കാണുമ്പോൾ മാത്രം നാം പറയും അവർ ദൈവത്തിന്റെ ദാനമാണെന്ന്. പൂർണ്ണ ആരോഗ്യവാന്മാരായ മക്കൾക്ക് മുമ്പിൽ പലപ്പോഴും "നാശം പിടിച്ചവൻ" "കഴുത" എന്നിങ്ങനെ നീളുന്നു പേർവിളികൾ. എന്തുകൊണ്ടാണ് ഈ സമൂഹം ഇങ്ങനെ?.

മക്കൾ അവകാശമാണ്. ഉദരഫലം പ്രതിഫലം ആണ്. രണ്ടു വ്യക്തികൾ ഒന്നിച്ചു ജീവിക്കാം എന്ന തീരുമാനത്തിൽ തന്നെ ഒരു അവകാശമുറപ്പിക്കുക കൂടിയാണ് ചെയ്യുന്നത്. ചില പ്രതിഫലം നാം നല്ല കാര്യങ്ങൾ ചെയ്യുന്നത് കൊണ്ടു ലഭിക്കുന്നതല്ല. യജമാനന് തന്റെ വേല പൂർത്തീകരിക്കാൻ കൂടെ ഉള്ളതാണ്.

ഒരു മകൾ ജീവിതത്തിലേക്ക് വന്നപ്പോൾ എന്നിൽ ഒരു സ്വഭാവരൂപീകരണത്തെ തന്നെയാണ് തന്നത്. സ്വഭാവരൂപീകരണം ഒക്കെ ഈ യൗവ്വനത്തിലാണോ എന്നു ചിന്തിക്കാൻ വരട്ടെ. യൗവ്വനത്തിലെ മക്കൾ വീരന്റെ കയ്യിലെ അസ്ത്രം പോലെ എന്നു ദൈവവചനം പറയുമ്പോൾ അർത്ഥമാക്കേണ്ടതു യൗവ്വനത്തിലാണ് ഒരു പക്ഷെ ഒരുവന്റെ ദൃഷ്ടി ലക്ഷ്യത്തിൽ ഉറക്കുക എന്നു തന്നെയാകണം. ലക്ഷ്യം ഉള്ളവനേ അസ്ത്രം കൃത്യമായി എയ്യൂ. പുതിയ മാറ്റങ്ങളെ നാം അംഗീകരിച്ചു നമ്മിൽ മാറ്റത്തെ കൊണ്ടു വന്നാൽ നമ്മിലെ നല്ല അംശത്തെ പുറത്തെടുക്കുവാൻ മക്കൾ നമ്മെ സഹായിക്കും.

ഉപാധികളില്ലാതെ കുഞ്ഞുങ്ങളെ സ്നേഹിക്കുക എന്നു പറഞ്ഞാൽ 90% ആളുകൾക്കും അതു സ്വീകാര്യമാകുന്നില്ല എന്നു മാത്രമല്ല നീ നല്ല മാർക്ക് വാങ്ങിയാൽ, നല്ല കുട്ടിയായിരുന്നാൽ അങ്ങനെ പല ഉപാധികളും നാം ഈ സ്നേഹത്തിൽ തിരുകിക്കയറ്റുകയും ചെയ്യുന്നു. എന്നാൽ ഇതിലെ ഒരു ദയനീയത എന്തെന്നാൽ കുട്ടികൾ ഒരിക്കലും പറയുന്നില്ല 'അമ്മ ഒരു നല്ല അമ്മയായാൽ ഞാൻ സ്നേഹിക്കാം എന്ന്. രോഗിയായ അമ്മയെ പരിചരിച്ചും നെറ്റിത്തടത്തിലെ ചൂട് നോക്കിയും അരികിൽ ഇരിക്കുന്ന ചില മക്കൾ ഇന്നുമുണ്ട്. ഒരു പക്ഷേ ലോകം അവരെ നോക്കി "പോഴൻ", "കഴിവുകെട്ടവൻ" എന്നൊക്കെ പറഞ്ഞേക്കാം. പക്ഷേ അവനാണ് യഥാർത്ഥമായി നിരുപാധികമായി സ്നേഹിക്കുന്നവൻ. ആ സ്നേഹത്തിനു മുമ്പിൽ അവൻ തോറ്റുപോകുകയാണ്. ഏറിയാൽ ഒരു മൂന്ന് തലമുറയ്ക്കപ്പുറം ഒരു കോടമഞ്ഞു താഴ്വരകളെ ചുംബിച്ചു കടന്നു പോകുന്ന വേഗത്തിൽ ഇങ്ങനെയുള്ള കാഴ്ചകൾ ഒരു പക്ഷെ മറഞ്ഞു പോയേക്കാം.

**ഒരു മകൾ ജീവിതത്തിലേക്ക് വന്നപ്പോൾ എന്നിൽ ഒരു സ്വഭാവരൂപീകരണത്തെ തന്നെയാണ് തന്നത്**






അമിതസ്നേഹമോ, അമിത കരുതലോ, കുട്ടികളുടെ സ്വകാര്യതകളിലേക്കുള്ള അമിതമായ കടന്നു കയറ്റവും ഒന്നും നമ്മിലെ ഒരു നല്ല അംശത്തെ കൊത്തിയെടുക്കുവാൻ സഹായിക്കുന്നില്ല. മറിച്ച് അതു ദോഷത്തിനേ ഉതകുന്നുള്ളൂ. ചില നാളുകൾ മാത്രം നമ്മുടെ കരങ്ങളിൽ ഏല്പിക്കപ്പെടുന്നവരാണ് മക്കൾ. ഈ കാലഘട്ടത്തിൽ ദൈവീക ശിക്ഷണത്തിലും ദൈവരാജ്യം മുന്നിൽ കാണുവാനും അവരെ പഠിപ്പിക്കാം. ആധുനികത അതിന്റെ പരമോന്നതിയിലേക്ക് എത്തുമ്പോൾ മനുഷ്യ ക്ളോണുകൾ ഒരു പക്ഷേ സൃഷ്ടിക്കപ്പെടുകയും ചെയ്യുകയാണെങ്കിൽ "നിങ്ങൾ പെറ്റുപെരുകുവീൻ" എന്നത് മറന്നു പോകാതിരിക്കാൻ നമുക്ക് ദൈവവചനം പഠിപ്പിക്കാം. പ്രതിഫലം സ്വീകരിച്ചു സ്വാർഥരാകാതെ ഇരുകൈകളും വിടർത്തി അവരെ സ്നേഹിക്കാം. സ്നേഹം ഒരുനാളും ഉതിർന്നു പോകയില്ല.




പഠനം

# പരിശുദ്ധാത്മാവ് എന്ന ദാനം



മറിയാമ്മ
അലക്സാണ്ടർ

ദൈവവചനത്തിൽ ഉടനീളം നാം കാണുന്ന, മനുഷ്യരിൽ ആവസിക്കുന്ന പരിശുദ്ധാത്മാവിനെ നമുക്ക് നൽകുന്നത് അതിന്റെ ദാതാവായ സ്വർഗ്ഗസ്ഥനായ പിതാവ് തന്നെയാണ് (യോഹ:14:16-20). ഈ ദാനം ലഭിക്കുന്നതോ, മാനസാന്തരപ്പെട്ട് വീണ്ടും ജനനം പ്രാപിക്കുന്ന വ്യക്തിക്കും. ഒരു വ്യക്തി ദൈവത്തിന്റെ സ്വന്തമാകുമ്പോഴാണ് ഈ ദാനം ലഭിക്കുന്നത്. ഏകസത്യദൈവമായവൻ പരിശുദ്ധാത്മാവിനെ നമ്മുടെ ഉള്ളിൽ ആക്കിയിരിക്കുന്നു എന്ന സത്യം അനുഭവവേദ്യമാകുന്നത് രക്ഷാദാനം കൈക്കൊള്ളുമ്പോഴാണ്. റോമർ: 8:23-ൽ 'ആത്മാവെന്ന ആദ്യദാനം ലഭിച്ചിരിക്കുന്ന നാം' എന്നു കാണുന്നു.

പഴയനിയമത്തിൽ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടവരുടെ മേൽ മാത്രം ആത്മാവു പകരുകയും ആ സമയം ആ ആത്മാവിന്റെ ശക്തി അവരിൽ വ്യാപരിച്ചിട്ട് അവർ പ്രവചിക്കയും, യുദ്ധം നടത്തുകയും ഒക്കെ ചെയ്തതായി കാണാം.
എന്നാൽ പുതിയ നിയമത്തിൽ യോഹ: 2:37-39 വരെയുള്ള വാക്യങ്ങളിൽ യേശു ഉത്സവത്തിന്റെ മഹാദിനമായ ഒടുക്കത്തെ നാളിൽ നിന്നുകൊണ്ട് തന്നിൽ വിശ്വസിപ്പാനിരിക്കുന്നവർക്കു ലഭിപ്പാനുള്ള ആത്മാവിനെക്കുറിച്ചു പറയുന്നു. അപ്പോസ്തല പ്രവൃത്തികൾ 2:38 - ൽ ശിഷ്യന്മാർക്കും മാളികമുറിയിൽ കൂടിയിരുന്നവരുടെയും മേൽ പരിശുദ്ധാത്മാവ് പകർന്ന ശേഷം പത്രോസ് അക്കാര്യങ്ങൾ അറിയാൻ ശ്രമിച്ചവരോട് പറയുന്നത്: "നിങ്ങൾ മാനസാന്തരപ്പെട്ട് ഓരോരുത്തൻ ക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ;

എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും". ചുരുക്കത്തിൽ ഒരു വ്യക്തി രക്ഷയുടെ ദൂതിനാൽ ആകർഷിക്കപ്പെടുവാനും അതു വിശ്വസിച്ച് ദൈവപൈതലായി തീരുവാനും സഹായിക്കുന്ന കർത്തവ്യമാണ് പരിശുദ്ധാത്മാവ് ഒരു വ്യക്തിയിൽ ആദ്യമായി നിർവ്വഹിക്കുന്നത്. പാപത്തെക്കുറിച്ചും, നീതിയെക്കുറിച്ചും, ന്യായ വിധിയെക്കുറിച്ചും ബോധം വരുത്തുക - തികയ്ക്കുക എന്നതാണ് പരിശുദ്ധാത്മാവിന്റെ അടുത്ത പരിപാടി. ഇതിനായി സ്വയം വിധേയപ്പെട്ടു കൊടുത്താൽ മാത്രം മതി. ഇങ്ങനെ വീണ്ടും ജനിക്കുന്ന ഒരു വ്യക്തിയിൽ ആത്മാവ് ആയുസ്സ് മുഴുവനും വസിച്ച്, ദൈവത്തെ അറിയുവാനും പിന്തുടരുവാനും ആ വ്യക്തിയെ സഹായിക്കുന്നു. തൽഫലമായി ക്രിസ്തുവിനെ പോലെ ആയി തീരുവാനും സാക്ഷ്യം നിലനിർത്തുവാനും വിശ്വാസിയെ ഒരുക്കുന്നു.

രക്ഷിക്കപ്പെട്ട വ്യക്തി നീതികരിക്കപ്പെടുന്നു. നീതിയെ കുറിച്ച് ബോധം വരുത്തുന്ന പരിശുദ്ധാത്മാവ് 'നീതിമാൻ' എന്ന നിലയിൽ ആക്കി തീർക്കുന്നു. ദൈവാത്മാവിന്റെ കർത്തൃത്വത്തിന് പൂർണ്ണമായി വിധേയപ്പെട്ടു ജീവിക്കുമ്പോൾ, പാപത്തിൽ നിന്ന് വിട്ടു മാറി ജീവിക്കുവാൻ ജാഗ്രത ആവശ്യമാണ്. "വഴി ഇതിലേ" എന്ന മന്ദസ്വരം കേൾപ്പിച്ചുകൊണ്ടു, വഴികാട്ടിയായി കൂടെയിരിക്കുന്നത് ഈ പരിശുദ്ധാത്മാവാണ്. ഈ വിശുദ്ധീകരണം ജീവിതകാലം മുഴുവനും ഉള്ളതാണ്. ദിനം തോറും ആത്മാവിൽ പുതുക്കം പ്രാപിച്ച് ജീവിച്ചെങ്കിലേ നമ്മുടെ ചിന്ത, വാക്ക്, പ്രവൃത്തികൾ വിശുദ്ധിയോടെ നടത്തുവാൻ പ്രാപ്തരാകുകയുള്ളൂ. അതിനായി ആത്മാവിൽ നിറയപ്പെടേണ്ടതാണ്. എഫെ: 5:19- ൽ ആത്മാവിൽ നിറയപ്പെടുന്നതിന്റെ ഫലം കാണാം. ഏതു സാഹചര്യത്തിലും എല്ലായ്പോഴും എല്ലാറ്റിനും വേണ്ടിയും സ്തോത്രം ചെയ്യുന്നവരാകാൻ സാധിക്കും. മാത്രമല്ല നീതിഫലം നിറഞ്ഞവരാക്കുകയും ആത്മാവിന്റെ ഫലമായ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം (ഗലാ: 5:22) എന്നിവയാൽ പരിപോഷിപ്പിക്കപ്പെട്ട് ദൈവത്തോടും ദൈവജനത്തോടും ഉള്ള ആഴമേറിയ സ്നേഹത്തിലും ഭക്തിയിലും കൂട്ടായ്മയിലും ജീവിക്കുവാൻ സഹായിക്കും.

പരിശുദ്ധാത്മാവിന്റെ ശക്തിയെ പറ്റി 1. പത്രോസ്: 1:4- ൽ പറയുന്നത് ശ്രദ്ധേയമാണ്. "വിശ്വാസത്താൽ ദൈവ ശക്തിയിൽ കാക്കപ്പെടുന്ന നിങ്ങൾക്കു വേണ്ടി സ്വർഗ്ഗത്തിൽ സൂക്ഷിച്ചിരിക്കുന്ന അവകാശം". നമ്മുടെ അവകാശം നഷ്ടപ്പെടാതെ നമ്മെ കാത്തു സൂക്ഷിക്കുന്ന ശക്തി നമ്മിൽ തന്ന ദൈവത്തെ സ്തുതിക്കാം.

പുതിയ നിയമം പഠിക്കുമ്പോൾ യേശുവും അപ്പോസ്തലന്മാരും ഈ പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ടു പ്രവർത്തിച്ചതായും 'ലോകത്തെ കീഴ്മേൽ മറിക്കുന്നവർ' എന്നു വിശേഷിപ്പിക്കപ്പെടുകയും ചെയ്തതായി കാണാം. ആത്മാവിന്റെ ശക്തിയോടെ യേശു ഗലീലയിലേക്കു ചെന്നു എന്ന് ലൂക്കോ:4:14 - ൽ ഉണ്ട്. യെശയ്യാ:42:1- ൽ എന്റെ ആത്മാവിനെ അവന്റെ മേൽ വെച്ചിരിക്കുന്നു എന്നുണ്ട്. മത്താ: 3:13-17 - ൽ യോർദ്ദാൻ നദിയിൽ സ്നാനം ഏറ്റ യേശുവിൻ മേൽ ആത്മാവ് പ്രാവിന്റെ രൂപത്തിൽ ആവസിച്ചു എന്നു കാണാം. എബ്രാ: 9 :11-ൽ " നിത്യാത്മാവിൽ ദൈവത്തിനു തന്നെത്താൻ നിഷ്കളങ്കനായി അർപ്പിച്ച ക്രിസ്തു" എന്ന് തന്റെ മരണത്തെ കുറിച്ച് പറയുന്നു.

പരിശുദ്ധാത്മാവിനു ആളത്വം ഉണ്ട്, ചിന്തയും, വൈകാരികമായ അവസ്ഥകളും ഉണ്ട്. അതുകൊണ്ടാണ് പരിശുദ്ധാത്മാവിനെ അനുസരിക്കാതെ

വരുമ്പോൾ നമ്മിലുള്ള ആത്മാവ് ദുഃഖിക്കുന്നത്. നമ്മുടെ ഉള്ളിൽ ആശ്വാസപ്രദനായും ആത്മാവ് പ്രവർത്തിക്കുന്നുണ്ട്.

ഒരു യഥാർത്ഥ വിശ്വാസിയെ ദൈവവുമായി ബന്ധിപ്പിക്കുന്ന കണ്ണിയാണ് പരിശുദ്ധാത്മാവ്. അതുപോലെ മറ്റു വിശ്വാസികളുമായുള്ള കൂട്ടായ്മയിൽ നിലനിർത്തുന്നതും ഇതേ ആത്മാവിനാൽ അത്രേ. ഒരിക്കൽ ഈ ദാനം അനുഭവിച്ചു കഴിഞ്ഞാൽ നിത്യതയോളം അതു ആ വ്യക്തിയിൽ വസിച്ച് ജയജീവിതം നയിക്കുവാൻ സഹായിക്കും.

ആത്മാവിന്റെ നിയന്ത്രണത്തിൽ ആയി തീർന്ന ഒരു വ്യക്തിയുടെ ജീവിതം പ്രകാശപൂരിതം ആയിരിക്കും, കർത്താവിന്റെ സന്തോഷം നിറഞ്ഞു തുളുമ്പും മറ്റുള്ളവരെ ആശ്വസിപ്പിക്കുവാനും ആവശ്യങ്ങളിൽ താങ്ങായി നില്പാനും ഉത്സാഹിക്കും. ആത്മാക്കളെ ക്രിസ്തുവിങ്കലേക്കു ആനയിക്കുവാനും ഒരുക്കപ്പെട്ടതായിരിക്കും.

ഈ പരിശുദ്ധാത്മ ദാനം ഒരു വിശ്വാസിക്കുള്ള ഏറ്റവും വലിയ ദാനമാണ്. ആ നിറവിൽ പാപത്തിൽ നിന്നൊഴിഞ്ഞ് ശക്തിമത്തായ സാക്ഷ്യജീവിതം നയിക്കുവാൻ ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നു. അതു സാധ്യമാക്കുവാൻ കാരുണ്യവാനായ ദൈവം നമ്മെ സഹായിക്കുമാറാകട്ടെ.

## 03» ക്രിസ്തു ദൈവത്തിന്റെ ദാനം...

പാപം മനുഷ്യനെ തകർക്കും, മനുഷ്യന്റെ സ്വസ്ഥത നഷ്ടപ്പെടുത്തും. പാപത്തിന്റെ ശമ്പളം മരണമാണ് (റോമ:6:23). മനുഷ്യന്റെ പാപത്തിനു പരിഹാരം വരുത്തുവാൻ വേണ്ടിയാണ് ക്രിസ്തു ക്രൂശിൽ മരിച്ചത്. നാം ഓരോരുത്തരും മരിക്കേണ്ട സ്ഥാനത്ത് ക്രിസ്തു നമുക്ക് പകരമായി മരണം ഏറ്റെടുത്തു. ആർക്കും ആരുടെയും പകരക്കാരാകാൻ കഴിയില്ല, നമ്മുടെ പകരക്കാരനാകാൻ ക്രിസ്തുവിനു മാത്രമേ സാധിക്കുകയുള്ളൂ. അസന്തുഷ്ടിയും അസമാധാനവും തിങ്ങിനിറഞ്ഞ ഹൃദയത്തിൽ, യേശു ക്രിസ്തുവിന്റെ മരണ പുനരുത്ഥാനങ്ങളിൽ വിശ്വസിച്ച്, ക്രിസ്തുവിനെ രക്ഷകനായി സ്വീകരിക്കുന്ന വ്യക്തി ദൈവമകൻ/ മകളായി തീരും. അവർക്ക് നിത്യസമാധാനം കൈവരികയായി. ക്രിസ്തുവിലൂടെ ലഭിക്കുന്ന രക്ഷ ഈ ലോകം കൊണ്ട് അവസാനിക്കുന്നില്ല, അത് നിത്യത വരെ തുടരുന്നതാണ്.

തന്റെ സ്വന്ത പുത്രനെ നമുക്കു വേണ്ടി വിട്ടുതരുവാൻ പിതാവായ ദൈവത്തിനു തോന്നിയതു നമ്മോടുള്ള അവിടുത്തെ അചഞ്ചലമായ സ്നേഹമായിരുന്നു. തന്റെ സ്വന്തപുത്രനെ ആദരിക്കാതെ നമുക്ക് എല്ലാവർക്കും വേണ്ടി ഏല്പിച്ചു തന്ന (റോമ: 8:32) ദൈവസ്നേഹത്തെക്കുറിച്ച് പൗലോസ് അപ്പോസ്തോലൻ വ്യക്തമാക്കുന്നുണ്ട്. ദൈവം സ്നേഹമാണ്. സ്നേഹം എന്ന ആ പരമമായ സത്യത്തിലേക്കുള്ള ഏക വഴി ലോക രക്ഷകനായ കർത്താവായ യേശുക്രിസ്തു തന്നെയാണ്. പിതാവായ ദൈവം ലോകത്തിനു നല്കിയ ഏറ്റവും വലിയ സമ്മാനമാണ് ക്രിസ്തു. ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്ക് ലഭിക്കുന്ന ദാനങ്ങളെക്കുറിച്ചാണ് (Gifts) ക്രിസ്തീയ സോദരി ഈ ലക്കം വായനക്കാരുമായി പങ്ക് വെക്കുന്നത്.

നവ്യാനുഭൂതി ഉളവാക്കുന്ന ഈ ആഘോഷവേളയിൽ ഇത്തരം ചിന്തകളാൽ മുഖരിതമാകട്ടെ നമ്മുടെ ഹൃദയവും.




യിസ്രായേലിൽ ക്ഷാമം നേരിട്ടപ്പോൾ മോവാബിലേക്ക് പോയ നൊവൊമിയുടെ ഭർത്താവും രണ്ടു ആണ്മക്കളും അവിടെ വെച്ച് മരണപ്പെട്ടു. നൊവൊമി ബെത്ലഹേമിലേക്ക് തിരിച്ചുപോകാനൊരുങ്ങി.. മരുമകളായ രൂത്തും നൊവൊമിയോടൊപ്പം ചേർന്നു. അവർ യാത്ര ചെയ്തു ബെത്ലെഹെമിൽ എത്തി. തുടർന്ന് അവരുടെ ഉപജീവനത്തിനായി രൂത്ത് വയലിൽ കറ്റപെറുക്കാനായി ഇറങ്ങി.






അവിടെ കൊയ്ത്തു നടക്കുന്ന ഒരു വയൽ ഉണ്ടായിരുന്നു. രൂത്തും അവരോടൊപ്പം ചേർന്നു.



കൊയ്ത്തുകാർ കെട്ടുകളായി ശേഖരിക്കുന്ന കറ്റകളിൽ നിന്നും താഴെ വീണു പോകുന്ന കറ്റകൾ അവർ നിലത്തു തന്നെ ഇട്ടിട്ടു പോകും. അത് അനാഥർക്കും വിധവകൾക്കും വേണ്ടി ഉള്ള ഓഹരിയാണ്. അങ്ങനെ താഴെ വീണു കിടന്ന കറ്റകൾ രൂത്ത് പെറുക്കിയെടുക്കാൻ തുടങ്ങി..








ഏതായാലും നീ ഇവിടെത്തന്നെ വന്നത് നന്നായി..
ഞങ്ങളുടെ യജമാനൻ ബോവാസ് ഒരു നല്ല മനുഷ്യനാണ്..
അദ്ദേഹം നവോമിയുടെ അടുത്ത ബന്ധുവാണ്.. അറിയാമോ?
ആണോ? ഓ! ഭാഗ്യം തന്നെ..
അതെ, ഇതൊരു ഭാഗ്യം തന്നെയാണ്..
ദൈവം എന്റെ പ്രാർത്ഥന കേട്ടു..
പെട്ടെന്ന്..
അതാ, യജമാനൻ വരുന്നു..
ഭയപ്പെടാതെ മകളേ, അദ്ദേഹം നിന്നോട് കരുണ കാണിക്കാതിരിക്കില്ല..
(തുടരും)






മേരി. എസ്.
ജോർജ്

# ക്രിസ്തുമസ് സമ്മാനം

"അപ്പോൾ നമ്മൾ എന്തിനെക്കുറിച്ചാണ് പറഞ്ഞു നിർത്തിയത്?" മിനി ടീച്ചർ കുട്ടികളെ നോക്കി ചോദിച്ചു..

"സമ്മാനത്തെക്കുറിച്ച്" ദിയ ചാടി എഴുന്നേറ്റു നിന്ന് പറഞ്ഞു..

"അതെ നിങ്ങൾ സമ്മാനം കൊടുക്കാറുണ്ടോ?

"ഉണ്ട്.. കുട്ടികൾ ഒന്നടങ്കം പറഞ്ഞു..

"ശരി നിങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ടത് സമ്മാനമായി കൊടുക്കാറുണ്ടോ?"

അതുകേട്ട് എല്ലാവരും നിശബ്ദരായി..

"നമുക്ക് ഏറ്റവും ഇഷ്ടമുള്ളത് മറ്റൊരാൾക്ക് നൽകുമ്പോഴാണ് നമ്മുടെ യഥാർത്ഥ സ്നേഹം പ്രകടമാകുന്നത്.. അതും അവർ പ്രതീക്ഷിക്കാത്ത അവസരത്തിൽ".. കുട്ടികൾ ടീച്ചറുടെ മുഖത്തു തന്നെ നോക്കിയിരുന്നു.. "ക്രിസ്തുമസ് വരികയല്ലേ.. എല്ലാവരും സമ്മാനങ്ങൾ കൈമാറണം കേട്ടോ.." ടീച്ചർ പറഞ്ഞു നിർത്തിയപ്പോഴേക്കും ബെല്ലടിച്ചു..

സ്കൂൾ ഗേറ്റിൽ തന്നെ ദിയ മോളുടെ മമ്മി സ്കൂട്ടറുമായി കാത്തു നിൽക്കുന്നുണ്ടായിരുന്നു.. അവർ വീട്ടിലെത്തിയപ്പോൾ.. ജാനകി ജോലിയെല്ലാം കഴിഞ്ഞു അവരെ കാത്തു നിൽക്കുന്നുണ്ടായിരുന്നു..

"ജാനകീ.. നീ പോയില്ലേ?

"ഇല്ല..ഞാൻ ചേച്ചിയെ കാത്തിരിക്കുകയായിരുന്നു"..

"എന്താ പ്രത്യേകിച്ച്?" ..മമ്മി ചോദിച്ചു..

"എനിക്ക് കുറച്ചു രൂപ കടം തരുമോ? നാളെ ചേട്ടനെ ആശുപത്രിയിൽ കൊണ്ടുപോകേണ്ട ദിവസമാണ്.. പണി ചെയ്ത് ഞാൻ തീർത്തു കൊള്ളാം".. ജാനകിയുടെ ശബ്ദം ഇടറി.

"നീ നിൽക്ക്.." മമ്മി സ്കൂട്ടർ പാർക്ക് ചെയ്തിട്ട് അകത്തു പോയി പണവുമായി വന്നു.. "ഇതുവച്ചോ.. പിന്നെ തിരിച്ചു തരാൻ ഒന്നും നിൽക്കേണ്ട"..

"അത് പിന്നെ ചേച്ചി ഇത്രയും പണം?..

"വേണ്ടെന്നല്ലേ പറഞ്ഞത്" മമ്മി ജാനുവിന്റെ തോളിൽ തട്ടി ചിരിച്ചുകൊണ്ട് പറഞ്ഞു..

"ശരി എന്നാൽ നീ ചെല്ല്..."

ജാനകി പടികൾ ഇറങ്ങിപ്പോകുന്നത് ദിയാ മോൾ നോക്കി നിന്നു.. ജാനകിയുടെ മകളും ദിയയും ഒരേ ക്ലാസിലാണ് പഠിക്കുന്നത്. തന്റെ പഴയ ഉടുപ്പും ചെരുപ്പും മമ്മി അവൾക്ക് കൊടുക്കാറുണ്ട്.. വലിയ കഷ്ടപ്പാടാണ് അവർക്ക്.. ഇപ്പോൾ അവളുടെ അച്ഛൻ സുഖമില്ലാതെ കിടപ്പിലും ആയി.. പാവം.. രാജിയോട് ദിയ മോൾക്ക് സഹതാപം തോന്നി...

ദിയ മുകളിലത്തെ തന്റെ മുറിയിലേക്ക് പോയി. മമ്മി അടുക്കളയിലെ തിരക്കിലേക്കും.. ഇനി രണ്ടു ദിവസം അവധിയാണ്. അതു കഴിഞ്ഞ് ഡാഡി വരും, എത്ര നാളായെന്നറിയോമോ ഡാഡിയെ കണ്ടിട്ട്. അതോർത്തപ്പോൾ അവൾക്ക് കരച്ചിലും വന്നു.

അങ്ങനെ തിങ്കളാഴ്ച രാവിലെ ദിയയും മമ്മിയും കൂടി എയർപോർട്ടിൽ ഡാഡിയെ വിളിക്കാൻ എത്തി.. കൃത്യ സമയത്ത് തന്നെ ഡാഡിയുടെ ഫ്ലൈറ്റ് വന്നു.. ഡാഡിയെ കണ്ടതും ദിയ ഓടി ച്ചെന്ന് കെട്ടിപ്പിടിച്ചു.. കാറിൽ വച്ച് അവൾ വാതോരാതെ സംസാരിച്ചുകൊണ്ടിരുന്നു..

അടുത്ത ദിവസം രാവിലെ ഡാഡി ന്യൂസ് പേപ്പർ വായിച്ചുകൊണ്ടിരുന്നപ്പോൾ ദിയ അടുത്ത് ചെന്നു നിന്നു. "ഡാഡീ, നമ്മള് ഷോപ്പിങ്ങിനു പോകുന്നുണ്ടോ?.."

"പോണോ? പോയേക്കാം.. മോള് വേഗം പോയി റെഡിയായി വാ.. ബ്രേക്ക് ഫാസ്റ്റ് കഴിഞ്ഞു നമുക്ക് ഇറങ്ങാം.."

അവർ ടൗണിലെ ഏറ്റവും നല്ലൊരു ടെക്സ്റ്റൈൽ ഷോപ്പിൽ കയറി.. ദിയ ഓരോ ഉടുപ്പും നോക്കി നോക്കി അതിൽ ഒരു പിങ്ക് ഉടുപ്പ് കണ്ടു.

"എനിക്ക് ഇതു മതി ഇത് എനിക്ക് ഒത്തിരി ഇഷ്ടപ്പെട്ടു.."

"ശരി.. ഇനി എന്താ വേണ്ടത്?"

"എനിക്ക് ചെരുപ്പ് വേണം.."

"ചെരുപ്പോ.. മോളെ കഴിഞ്ഞ ആഴ്ചയല്ലേ പുതിയ ചെരുപ്പ് വാങ്ങിയത്..." മമ്മി ഇടയ്ക്ക് കയറി പറഞ്ഞു..

"പോട്ടെ സാരമില്ല.. അവളുടെ ആഗ്രഹമല്ലേ അവൾക്ക് വേണ്ടിയല്ലേ നമ്മൾ അദ്ധ്വാനിക്കുന്നത്".. ഡാഡി പറഞ്ഞു..

അവൾ അവിടെയുള്ള ഏറ്റവും നല്ല ഒരു ജോഡി ചെരുപ്പ് വാങ്ങി. "ഇനി ഒരു സ്കൂൾബാഗ്.."

"മോളെ.." മമ്മി പറയാൻ തുടങ്ങിയപ്പോഴേക്കും ഡാഡി വിലക്കി.

ദിയ നല്ല ഒരു സ്കൂൾ ബാഗ് വാങ്ങിച്ചു..

"ഇനി എന്തെങ്കിലും മോൾക്ക്



വേണോ?" ഡാഡി ചിരിച്ചു കൊണ്ട് ചോദിച്ചു..

"ഒരു ഗിഫ്റ്റ് പേപ്പർ" അവൾ മടിച്ചു മടിച്ചു പറഞ്ഞു

"ഗിഫ്റ്റ് പേപ്പറോ? അതെന്തിനാ?"

ഡാഡിയും മമ്മിയും മുഖത്തോട് മുഖം നോക്കി..

"അതൊക്കെയുണ്ട്" ദിയ പറഞ്ഞു

"ശരി.." ഗിഫ്റ്റ് പേപ്പറും വാങ്ങിച്ചു അവർ കടയിൽ നിന്നും ഇറങ്ങി. വീട്ടിൽ വന്നു..

വീട്ടിൽ എത്തിയ ദിയാ മോൾ ഉടുപ്പും ചെരുപ്പും ബാഗും ഡാഡി കൊണ്ടു വന്ന ചോക്ലേറ്റും കളിപ്പാട്ടങ്ങളും എല്ലാം ഒരു ബോക്സിൽ ആക്കി ഗിഫ്റ്റ് പേപ്പർ കൊണ്ട് പൊതിഞ്ഞു. അവൾ ഈ ബോക്സുമായി താഴെയിറങ്ങി വന്നു.. ഇത് കണ്ടു മമ്മിയും ഡാഡിയും അമ്പരന്നു നോക്കി.. "മോളെ ഇതെല്ലാം നിനക്ക് വേണ്ടി.. നീ ഇഷ്ടപ്പെട്ട് തെരഞ്ഞെടുത്തു വാങ്ങിച്ചതല്ലേ? പിന്നെ എന്തിനാണ് ഇത് പാക്ക് ചെയ്തത്?" മമ്മി ചോദിച്ചു..

"മമ്മീ.. എന്റെ കൂടെ ജാനകി ചേച്ചിയുടെ വീട് വരെ വരാമോ.. ഇത് ഞാൻ രാജിക്ക് വേണ്ടിയാണ് വാങ്ങിച്ചത്. എന്റെ ക്രിസ്തുമസ് സമ്മാനമായി.. ഇതെല്ലാം എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ടു വാങ്ങിച്ചത് തന്നെയാണ്... എന്നാൽ നമുക്ക് ഏറ്റവും ഇഷ്ടമുള്ളതും പ്രിയപ്പെട്ടതും മറ്റുള്ളവർക്ക് കൊടുക്കുമ്പോഴാണ് നമ്മുടെ യഥാർത്ഥ സ്നേഹം എന്ന് ടീച്ചർ പഠിപ്പിച്ചിട്ടുണ്ട്..."

ഡാഡിയുടെയും മമ്മിയുടെയും മുഖം വികസിച്ചു.. അവർ രണ്ടുപേരും കെട്ടിപ്പിടിച്ച് അവളുടെ കവിളിൽ മാറി മാറി ഉമ്മ വച്ചു.. "എന്റെ മോൾ ദൈവത്തിന്റെ മോളാണ്" ഇത്ര ചെറുപ്രായത്തിലെ ഈ നല്ല മനസ്സ് ദൈവം ആണ് എന്റെ മോൾക്ക് നൽകിയത്.. ഡാഡി കണ്ണുകൾ തുടച്ചു കൊണ്ട് പറഞ്ഞു: "വാ.. ഇപ്പോൾ തന്നെ നമുക്ക് പോകാം.." അവർ മൂന്നുപേരും രാജിയുടെ വീടിനെ ലക്ഷ്യമാക്കി നടന്നു.. ക്രിസ്തുമസ് സമ്മാനവുമായി നടന്നു നീങ്ങി..

കൂട്ടുകാരെ.. തനിക്ക് ഇഷ്ടമുള്ളത് എല്ലാം തന്റെ കൂട്ടുകാരിക്കു കൊടുത്ത ദിയ മോളെ നമ്മൾ കണ്ടില്ലേ? അതുപോലെ നമ്മുടെ പാപങ്ങൾക്ക് പരിഹാരമായി ദൈവം നൽകിയ സമ്മാനമാണ് കർത്താവായ യേശുക്രിസ്തു.. യേശുവിന്റെ ഭൂമിയിലെ പിറവിയുടെ ഓർമ്മയ്ക്ക് ആണല്ലോ ലോകമെമ്പാടും ക്രിസ്തുമസ് ആഘോഷിക്കുന്നത്.. യേശുക്രിസ്തുവിനെ നമ്മുടെ രക്ഷകനായി സ്വീകരിക്കുമ്പോൾ ദൈവത്തിന്റെ സ്നേഹസമ്മാനത്തിന്റെ യഥാർത്ഥ ഉടമകളായി നാം തീരുന്നു.


ഗിഫ്റ്റ്
അമ്മേ, ക്രിസ്മസ് ആയിട്ടു നമുക്കെന്താ ആഘോഷങ്ങൾ ഒന്നും ഇല്ലാത്തത്?
എന്ത് ആഘോഷമാ മോളെ?
അതായത്, നക്ഷത്രങ്ങൾ, പുൽക്കൂട്, കേക്ക്, പിന്നെ ഓരോരോ ഗിഫ്റ്റ്.. ഇതൊക്കെ..
ഓ, അതോ.. പക്ഷേ, ക്രിസ്തുമസിന്റെ പ്രധാന വിഷയം യേശുക്രിസ്തു അല്ലെ മോളെ?
അതെ, ക്രിസ്തു ഇല്ലാതെ അല്ലല്ലോ ക്രിസ്തുമസ് ഉണ്ടായത്..
നമ്മുടെ പാപങ്ങൾ പരിഹരിക്കുന്നതിനും നമ്മെ സ്വർഗ്ഗലോകത്തിനു അവകാശികൾ ആക്കുന്നതിനും വേണ്ടിയാണല്ലോ രക്ഷകനായി യേശു അവതരിച്ചത്


അങ്ങനെ, ദൈവം നമുക്ക് തന്ന ഏറ്റവും വലിയ ദാനമാണ് കർത്താവായ യേശു..
അതേ..
അപ്പോൾ ആ ഗിഫ്റ്റ് അല്ലേ ഏറ്റവും പ്രധാനം?
ഉം..
അത് സ്വീകരിക്കുന്നതല്ലേ ഏറ്റവും വലിയ ആനന്ദവും ആഘോഷവും?
കറക്ട്...
അതായത്, യേശുകർത്താവിനെ സ്വീകരിച്ചു രക്ഷിക്കപ്പെടുന്നതാണ് ജീവിതത്തിലെ ഏറ്റവും വലിയ സൗഭാഗ്യം.. അല്ലേ?
അതുതന്നെ, അതില്ലാത്തവരാണ് ഭൗതികമായ വസ്തുക്കളിലും അലങ്കാരങ്ങളിലും ആനന്ദം കണ്ടെത്താൻ ശ്രമിക്കുന്നത്.. അവർക്ക് യേശുകർത്താവുമായി ബന്ധമില്ല.
എനിക്ക് മനസിലായി അമ്മേ.. യേശുക്രിസ്തു എന്ന ദൈവ ദാനത്തിനായി എത്ര നന്ദി പറഞ്ഞാലും മതിയാവില്ല..



പഠനം

# ഭാര്യ – ദൈവത്തിന്റെ ദാനം



സാറാമ്മ തോമസ്

മനുഷ്യനു തക്ക തുണയെ ഒരുക്കി നൽകി ദൈവം തന്റെ കരുതലിന്റെയും സ്നേഹത്തിന്റെയും മഹത്വമാണ് വെളിപ്പെടുത്തുന്നത്. മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല, ഞാൻ അവന് തക്കതായൊരു തുണ ഉണ്ടാക്കിക്കൊടുക്കും എന്നു പറഞ്ഞു സൃഷ്ടിയുടെ ആരംഭത്തിൽ തന്നെ ദൈവം തന്റെ പദ്ധതി വെളിപ്പെടുത്തി (ഉല്പ: 2:18). ദൈവത്തിന്റെ വാക്കിനാലാണ് മറ്റു സൃഷ്ടികളെല്ലാം ഉളവായത്. എന്നാൽ മനുഷ്യനുള്ള തുണ ദൈവം തന്റെ സ്വന്തം കൈകളാൽ മെനഞ്ഞുണ്ടാക്കിയതാണ്. അവളെക്കുറിച്ച് അവൾ ഭർത്താവിന് ഒരു കിരീടം (സദൃ: 12:4) എന്നും ഭാര്യയെ കിട്ടുന്നവന്നു നന്മ കിട്ടുന്നു (സദൃ: 18:22) എന്നും ദൈവവചനത്തിൽ കാണാം. ദൈവപ്രസാദം ലഭിച്ചവർക്കു ദൈവം നല്കുന്ന നന്മയാണ് 'ഭാര്യ'. അവൾ നന്മയുടെ പര്യായമാണ്. തന്റെ ആയുഷ്ക്കാലമൊക്കെയും അവൾ അവന്നു തിന്മയല്ല നന്മ തന്നെ ചെയ്യുന്നു (സദൃ: 31:12). ഈ നന്മയുടെ വിവിധ വശങ്ങൾ ദൈവവചനാടിസ്ഥാനത്തിൽ വിചിന്തനം ചെയ്യേണ്ടത് അനിവാര്യമാണ്.

## I. ദൈവിക നന്മയുടെ സാക്ഷാത്കാരം

### a. ജ്ഞാനം

ദൈവീകദാനങ്ങളിൽ ഏറ്റവും ശ്രേഷ്ഠമാണ് ജ്ഞാനം. അത് മുത്തുകളിലും വിലയേറിയതാണ് (സദൃ: 3:15), "ജ്ഞാനത്തോടെ അവൾ വായ് തുറക്കുന്നു; ദയയുള്ള ഉപദേശം അവളുടെ നാവിന്മേൽ ഉണ്ട്" (സദൃ: 31:26), ജ്ഞാനമുള്ള അവൾ തന്റെ വീടു പണിയുന്നു (സദൃ: 14:1). ഒരു യഥാർത്ഥ വീട്ടമ്മയായ അവളുടെ വാക്കുകളിലും പ്രവൃത്തിയിലും ജ്ഞാനം വെളിപ്പെടുന്നു.

### b. നിസ്വാർത്ഥത

ഉത്തമ സ്ത്രീ നിസ്വാർത്ഥതയാണെന്നു വചനം ചൂണ്ടിക്കാണിക്കുന്നു (സദ്യ: 31). സ്വന്തം നന്മയെക്കാൾ മറ്റുള്ളവരുടെ ക്ഷേമവും സുരക്ഷിതത്വവും മാത്രം ആഗ്രഹിക്കുന്ന മനസ്സിന്റെ ഉടമ. ഭർത്താവിനോടു മാത്രമല്ല മക്കളോടും മറ്റു കുടുംബാംഗങ്ങളോടും അശരണരോടും കാണിക്കുന്ന നിസ്വാർത്ഥ സേവനങ്ങൾ ഇതിനു തെളിവാണ് (31:21). നിസ്വാർത്ഥതയുടെ ഒരു ഉദാഹരണമാണ് ഹന്ന. അനേക നാളുകളിലെ കാത്തിരിപ്പിനു ശേഷം ലഭിച്ച പുത്രനെ അവൾ ദൈവവേലയ്ക്കായി സമർപ്പിക്കുന്നു (1 ശമു: 1:28). ഈ പ്രവൃത്തി മൂലം അവൾ മാത്രമല്ല, ഒരു ജനസമൂഹമാണ് അനുഗ്രഹിക്കപ്പെട്ടത്. എല്ലാ നന്മയുടെയും ഉറവിടം നിസ്വാർത്ഥതയാണ്.

### C. മക്കളുടെ പരിപാലനം

മക്കളുടെ ജീവിതത്തിലെ ഏറ്റവും വലിയ സ്വാധീനശക്തി മാതാവാണ്. ഒരു നല്ല തലമുറയെ വാർത്തെടുക്കുക എന്ന ദൗത്യത്തിലെ മുഖ്യകണ്ണിയാണ് അമ്മമാർ. വളർച്ചയുടെ ഓരോ ഘട്ടത്തിലും വേണ്ട നിർദ്ദേശങ്ങൾ നല്കി ദൈവഭക്തിയിൽ അവരെ നടത്തുക എന്ന കടമ അമ്മമാരുടേതാണ്. ഹന്ന, യേശുവിന്റെ അമ്മ മറിയ, തിമൊഥെയോസിന്റെ അമ്മ യുനീക്ക തുടങ്ങിയവർ അതിനുള്ള ഉദാഹരണങ്ങളാണ്. ആധുനിക യുഗത്തിലേക്കു വന്നാൽ സൂസന്ന വെസ്‌ളി, റോബർട്ട് മോഫാർട്ടിന്റെ മാതാവ്, മഹാരാഷ്ട്ര മുൻ മുഖ്യമന്ത്രി സുശീൽ കുമാർ ഷിൻഡെയുടെ മാതാവ് ( മലയാള മനോരമ, സൺഡേ സപ്ലിമെന്റ് സെപ്റ്റം. 22, 2024) അങ്ങനെ അനേകം അമ്മമാർ തങ്ങളുടെ മക്കളിൽ വ്യക്തിമുദ്ര പതിപ്പിച്ചതായി മനസ്സിലാക്കാം. ഇവർ തങ്ങളുടെ ജീവിത വിജയത്തിൽ അമ്മമാരുടെ പങ്ക് സാക്ഷ്യപ്പെടുത്തിയിരിക്കുന്നു.



ഒന്നിച്ച് ദൈവീക ശുശ്രൂഷകളിൽ ഏർപ്പെടുമ്പോഴാണ് 'തക്കതുണ' എന്ന ദൈവീക പദ്ധതി സാക്ഷാത്ക്കരിക്കപ്പെടുന്നത്


### D. കരുതലിന്റെ കരങ്ങൾ

ഉള്ളിലെ നന്മയുടെ പ്രതിഫലനമാണ് കരുതൽ. നമുക്കു ലഭിച്ചിട്ടുള്ള വിഭവങ്ങൾ ദൈവത്തിൽ നിന്നും ലഭിച്ചതാണെന്നും മറ്റുള്ളവരുടെ ആവശ്യം മനസ്സിലാക്കി പങ്കിടാനുള്ളതാണെന്നുമുള്ള ചിന്ത കരുതലിന്റെ ഭാഗമാണ്. ഏലിശാ പ്രവാചകനു വേണ്ടി കരുതലിന്റെ കരങ്ങൾ നീട്ടിയ ശൂനേംകാരത്തി അതിനുത്തമ മാതൃകയാണ്. അവളുടെ ഈ പ്രവൃത്തി നിമിത്തം ആ കുടുംബം മുഴുവൻ ദൈവീക അനുഗ്രഹത്തിന് പാത്രീഭൂതരായി. ബൈബിളിൽ പരാമർശിച്ചിരിക്കുന്ന ഉത്തമയായ ഭാര്യയിലും നമുക്ക് ഈ സ്വഭാവ സവിശേഷത കാണാം (സദൃ: 31). "അവൾ തന്റെ കൈ എളിയവർക്കു തുറക്കുന്നു. ദരിദ്രന്മാരുടെ അടുക്കലേക്കു കൈ നീട്ടുന്നു " (സദൃ: 31:20).

## II. കൂട്ടുപ്രവർത്തനത്തിലെ പങ്കാളി:

പുരുഷന് ദൈവം നല്കിയ ദാനമാണ് സ്ത്രീ (ഉല്പ: 2:18). അവർ ഒന്നിച്ച് ദൈവീക ശുശ്രൂഷകളിൽ ഏർപ്പെടുമ്പോഴാണ് 'തക്കതുണ' എന്ന ദൈവീക പദ്ധതി സാക്ഷാത്ക്കരിക്കപ്പെടുന്നത്. ആദിമസഭയിലെ നെടുംതൂണുകളായിരുന്നു അക്വിലാവും പ്രിസ്കില്ലയും. ഈ ദമ്പതികൾ അപ്പല്ലോസിനെ സുവിശേഷസത്യത്തിൽ ഉറപ്പിച്ചു. പൗലോസിന്റെ

ദൈവഹിതപ്രകാരമല്ലാത്ത പങ്കാളികൾ സാമൂഹ്യ വിപത്താണ്. വചനവും ചരിത്രവും ഇത് സാക്ഷ്യപ്പെടുത്തുന്നു.




ലേഖനങ്ങളിലും ഇവരെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. ആധുനിക യുഗത്തിൽ സഭയെ നവീകരണത്തിലേക്കു നയിച്ച മാർട്ടിൻ ലൂഥറിന്റെ പത്നി കാതറിൻ വോൺ ബോറ ഭർത്താവിനൊപ്പം നിന്ന് നവീകരണത്തിന് ആക്കം കൂട്ടിയ ശ്രേഷ്ഠവനിതയാണ്. മിഷണറി നോയലിന്റെ പത്നി ജൂലിയ സഹോദരി കുമ്പനാട്ട് ഒരു ക്ലിനിക്ക് സ്ഥാപിച്ച് തന്റെ പ്രവർത്തനത്തിനു പങ്കാളിയായി. മിഷണറിമാരുടെ ഭാര്യമാർ സ്ത്രീ വിദ്യാഭ്യാസത്തിനും സാമൂഹിക പരിഷ്കരണത്തിനും വേണ്ടി ചെയ്ത സേവനങ്ങൾ ചരിത്രത്തിന്റെ ഏടുകളിൽ കാണാം.

### III. ചില മുന്നറിയിപ്പുകൾ:

കൂട്ടായ പ്രവർത്തനത്തിൽ കൂടി നിസ്വാർത്ഥ സേവനങ്ങൾ ചെയ്ത പങ്കാളികൾ ഉള്ളപ്പോൾ തന്നെ ദുഷ്ടത പ്രവർത്തിച്ച് സമൂഹത്തിൽ തിന്മ വിതച്ച പങ്കാളികളുമുണ്ട്. ആഹാബും ഈസബേലും തിന്മ പ്രവർത്തിച്ച് ദൈവീകശിക്ഷ ഏറ്റുവാങ്ങി എന്നു മാത്രമല്ല, അക്കാലത്തെ ജനതയും തിന്മയുടെ ഫലം അനുഭവിക്കുകയുണ്ടായി. ആദിമ സഭയിലെ അനന്യാസും സഫീരയും ഒന്നിച്ചു ചേർന്ന് വ്യാജം പ്രവർത്തിച്ച് ദൈവകോപത്തിനു പാത്രമായി. ദൈവഹിതപ്രകാരമല്ലാത്ത പങ്കാളികൾ സാമൂഹ്യ വിപത്താണ്. വചനവും ചരിത്രവും ഇത് സാക്ഷ്യപ്പെടുത്തുന്നു.

### IV. കുടുംബം എന്ന ദൈവീക വ്യവസ്ഥ:

ദൈവീക പദ്ധതിയിൽ ഒരു വിശാല ലക്ഷ്യം ഉണ്ട്, അതാണ് കുടുംബ വ്യവസ്ഥ. അതിൽ ഭർത്താവ്, ഭാര്യ, മക്കൾ, മാതാപിതാക്കൾ എന്നിവർ ഉൾപ്പെടുന്നു. അങ്ങനെയുണ്ടാകുന്ന കുടുംബം സഭയോടും സമൂഹത്തോടും ബന്ധപ്പെട്ടിരിക്കുന്നു. ദൈവം, പുരുഷൻ, സ്ത്രീ എന്നിവർ അടങ്ങുന്ന മുപ്പിരിച്ചരടിൽ നിന്നാണ് ആരംഭം. അങ്ങനെ നിലനിൽക്കുന്ന കുടുംബം സമൂഹത്തിലെ സ്വാധീനശക്തിയാണ്. ഓരോ കുടുംബവും ഈ ലോകത്തിൽ ദൈവത്തിന്റെ പ്രതിനിധികളാണ്. യഹോവാ ഭക്തനായ പുരുഷനെക്കുറിച്ചും ഫലം പുറപ്പെടുവിക്കുന്ന മുന്തിരിവള്ളിക്കു സമാനമായ ഭാര്യയെക്കുറിച്ചും പ്രതിപാദിക്കുന്നതിലൂടെ ഒരു അനുഗ്രഹിക്കപ്പെട്ട കുടുംബത്തെ സങ്കീർത്തനക്കാരൻ വരച്ചു കാട്ടുന്നു (സങ്കീ: 128:3,4). മേശയ്ക്ക് ചുറ്റും ഒലിവ് തൈകൾ പോലെയുള്ള മക്കൾ ആ കുടുംബത്തിന് മാറ്റ് കൂട്ടുന്നു. ദൈവഹിതപ്രകാരമുള്ള ഒരു കുടുംബത്തിന്റെ നേർ ചിത്രമാണിത്. ഇപ്രകാരമുള്ള കുടുംബം അനുഗ്രഹിക്കപ്പെടും. എന്നു മാത്രമല്ല അവർ ഏർപ്പെട്ടിരിക്കുന്ന സമൂഹവും അനുഗ്രഹിക്കപ്പെടുന്നു. ഇന്നു നാം കാണുന്ന കുടുംബത്തകർച്ചയ്ക്കു കാരണം ദൈവീക പ്രമാണങ്ങളുടെ ലംഘനമാണ്. കുടുംബവ്യവസ്ഥയിലെ ദൈവീക പ്രമാണങ്ങൾ മറക്കാതിരിക്കാം.



രക്ഷ, ദൈവത്തിന്റെ ദാനമാണ്. അത് നമുക്ക് അർഹിക്കുന്നതോ ഏതെങ്കിലും രീതിയിൽ സമ്പാദി ക്കാവുന്നതോ അല്ല.

# രക്ഷ എന്ന ദാനം

പഠനം



ലൗലി ജോർജ്

ക്രൈസ്തവവീക്ഷണത്തിൽ, വിശ്വാസത്തിൻ്റെ കേന്ദ്രവിഷയം രക്ഷയാണ്. യേശുക്രിസ്തുവിലൂടെ മനുഷ്യവർഗ്ഗത്തെ ദൈവവുമായി സമന്വയിപ്പിക്കാൻ കഴിയും എന്ന ആശയമാണിത്. രക്ഷ എന്നത് ശിക്ഷയിൽ നിന്നുള്ള വിടുതൽ എന്ന് നിർവ്വചിക്കാനാകും. പാപത്തിൽ നിന്നും അതിൻ്റെ അനന്തരഫലങ്ങളിൽ നിന്നുമുള്ള മോചനമാണ് രക്ഷ, അത് യേശുക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെയാണ് കരഗതമാക്കേണ്ടത്.

"ഏകമനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു. ഇങ്ങനെ എല്ലാവരും പാപം ചെയ്കയാൽ മരണം സകലമനുഷ്യരിലും പരന്നിരിക്കുന്നു" (റോമ:5:12).

ദൈവം സൃഷ്ടിച്ച ആദ്യമനുഷ്യനായ ആദാമും ഭാര്യയായ ഹവ്വായും ദൈവം തിന്നരുതെന്നു പറഞ്ഞ പഴം തിന്നു, ദൈവത്തോട് അനുസരണക്കേടു കാണിച്ചു. തത്ഫലമായി ലോകത്തിൽ പ്രവേശിച്ച പാപം കാരണം മനുഷ്യൻ ദൈവത്തിൽ നിന്ന് അകന്നു (ഉല്പ: 3). മനുഷ്യനും ദൈവവും തമ്മിലുള്ള ഈ വേർപിരിയൽ ആത്മീയ മരണത്തിലും നിത്യമായ ശിക്ഷാവിധിയിലും നിപതിച്ചു. മനുഷ്യന്റെ ശാരീരിക മരണവും അതിന്റെ അനന്തരഫലമായിരുന്നു.

ആശയറ്റ, നിസഹായനായ മനുഷ്യന് പാപാവസ്ഥയിൽ നിന്നും അതിന്റെ അനന്തരഫലങ്ങളിൽ നിന്നും ഒരു മോചനം ആവശ്യമായിരുന്നു. പാപിയായ മനുഷ്യൻ നിരാശനും നിസ്സഹായനും പ്രതീക്ഷയില്ലാത്തവനുമാണ്. നശിച്ചുപോയ മനുഷ്യന് പാപത്തിൽ നിന്നും ഒരു മോചനം അനിവാര്യമെന്നു കണ്ട ദൈവം തന്റെ പുത്രനായ ക്രിസ്തുവിനെ ഈ ലോകത്തിലേക്ക് അയച്ചു. മനുഷ്യർ എല്ലാവരും പാപികളാണ്. പാപിയായ മനുഷ്യനെ ഉദ്ധരിക്കുവാൻ പാപമില്ലാത്ത ക്രിസ്തു ലോകത്തിലേക്ക് വന്നു. ക്രിസ്തുവിൽ പാപമില്ല. "നിങ്ങളിൽ ആർ എന്നെ പാപത്തെക്കുറിച്ചു

ബോധം വരുത്തുന്നു?" (യോഹ:8:46) എന്നു കർത്താവ് ചോദിക്കുന്നുണ്ട്. ക്രിസ്തുവിൽ യാതൊരു കുറ്റവും കണ്ടെത്തുവാൻ ആർക്കും കഴിഞ്ഞില്ല. മാത്രമല്ല, "ഞാൻ ഈ മനുഷ്യനിൽ കുറ്റം ഒന്നും കാണുന്നില്ല" എന്നു തന്നെ വിസ്തരിച്ച റോമൻ ഭരണാധികാരിയായ പീലാത്തോസും (യോഹ: 19:4) ക്രിസ്തു "നീതിമാൻ" എന്ന് പീലാത്തോസിന്റെ ഭാര്യയും (മത്താ:27:19) സാക്ഷ്യം പറഞ്ഞിട്ടുണ്ട്. നീ ദൈവത്തിന്റെ പരിശുദ്ധൻ എന്ന് പിശാചുക്കളും ക്രിസ്തുവിനെക്കുറിച്ച് പറയുന്നുണ്ട് (മർ:1:24). അവിടുന്ന് പാപം അറിയാത്തവൻ (2. കൊരി:5:21), അവിടുന്ന് പാപം ചെയ്തിട്ടില്ല (1. പത്രോ:2:22), അവിടുന്നിൽ പാപം ഇല്ല (1. യോഹ:3:5). പാപരഹിതനായ, പരിശുദ്ധനായ ക്രിസ്തുവിനു മാത്രമേ പാപത്തിനു പരിഹാരം വരുത്തി പാപികളെ ഉദ്ധരിക്കുവാൻ കഴിയുകയുള്ളൂ.

ദൈവപുത്രനായ യേശുക്രിസ്തു മനുഷ്യരാശിയെ പാപത്തിൽ നിന്ന് രക്ഷിക്കാൻ ഭൂമിയിലേക്ക് വന്നു. പാപരഹിതമായ ജീവിതം നയിച്ച ക്രിസ്തു (എബ്രാ: 4:15), മനുഷ്യരാശിയുടെ പാപങ്ങൾക്ക് പ്രായശ്ചിത്തം ചെയ്യാൻ കുരിശിൽ മരിച്ചു (റോമ: 5:8). പാപിയായ മനുഷ്യനെ അവരുടെ പാപങ്ങളിൽ നിന്നും രക്ഷിക്കുവാൻ ക്രിസ്തു സ്വയം മരണം ഏറ്റെടുക്കുകയായിരുന്നു. പാപം നിമിത്തം ഉണ്ടായ മരണത്തിന്, മരണത്താൽ തന്നെ ക്രിസ്തു പരിഹാരം വരുത്തി. "മരണത്തിന്റെ അധികാരിയായ പിശാചിനെ തന്റെ മരണത്താൽ നീക്കി ജീവപര്യന്തം മരണഭീതിയാൽ അടിമകളായിരുന്നവരെ ഒക്കെയും വിടുവിച്ചു" (എബ്രാ:14:15). ദൈവത്തോട് ശത്രുക്കളായ (എഫെ:2:16), ശാപമേറ്റ (ഉല്പ:3:17), മരണത്തിന് പാത്രീഭൂതരായ (റോമ: 5:12) മനുഷ്യന്റെ പാപങ്ങളെ ചുമന്നുകൊണ്ട് ക്രിസ്തു ക്രൂശിന്മേൽ കയറി (1. പത്രോ: 2:24). നാം അനുഭവിക്കേണ്ട പാപത്തിന്റെ ശിക്ഷ ഏറ്റ് ക്രിസ്തു നമുക്കു വേണ്ടി ശാപമായിത്തീർന്നു. അവിടുന്ന് പാപത്തെയും മരണത്തെയും കീഴടക്കി മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റ് (1.കൊരി: 15:3-4) നമ്മുടെ രക്ഷകനായി. "യേശുവിനെ കർത്താവു എന്നു വായികൊണ്ടു ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേല്പിച്ചു എന്നു ഹൃദയംകൊണ്ടു വിശ്വസിക്കയും ചെയ്യുന്ന വ്യക്തി രക്ഷിക്കപ്പെടും" (റോമ:10:9). രക്ഷിക്കപ്പെടുന്നവർക്ക് യേശുക്രിസ്തുവിലൂടെ പാപമോചനവും (1. യോഹ:1:9) നിത്യജീവനും മറ്റെല്ലാ ദാനങ്ങളും ലഭിക്കുന്നു (യോഹ: 10:28).

രക്ഷ, ദൈവത്തിന്റെ ദാനമാണ്. അത് നമുക്ക് അർഹിക്കുന്നതോ ഏതെങ്കിലും രീതിയിൽ സമ്പാദിക്കാവുന്നതോ അല്ല. ദൈവത്തിൻ്റെ ദാനമായ രക്ഷ, നമ്മുടെ നല്ല പ്രവൃത്തികൾക്കോ പ്രയത്നങ്ങൾക്കോ ലഭിക്കുന്ന അംഗീകാരമോ പ്രതിഫലമോ അല്ല (എഫെ: 2:8-9). നിത്യതയോളം നിലനില്ക്കുന്ന ഈ രക്ഷ സകലമനുഷ്യർക്കും ഉള്ള ദൈവത്തിന്റെ വാഗ്ദത്തമാണ്. രക്ഷ പൂർണ്ണമായും സൗജന്യമാണ്. "ദൈവത്തിൻ്റെ വിവരണാതീതമായ ദാനത്തിന്" സ്തോത്രം!!! (2. കൊരി: 9:15).

രക്ഷിക്കപ്പെടുന്നതിനു മുമ്പ് ഓരോ വ്യക്തിയും ഞാൻ ഒരു പാപിയാണെന്ന് സമ്മതിക്കുകയും എനിക്ക് രക്ഷ ആവശ്യമാണെന്ന് മനസ്സിലാക്കുകയും വേണം. സ്വയം രക്ഷിക്കാനുള്ള നിങ്ങളുടെ കഴിവില്ലായ്മയെ തിരിച്ചറിഞ്ഞ് കർത്താവും രക്ഷകനുമായ യേശുക്രിസ്തുവിൽ വിശ്വസിച്ച്, പാപങ്ങളെ ഏറ്റുപറഞ്ഞ് മാനസാന്തരപ്പെടണം (പ്രവൃ: 3:19). ദൈവത്തിൻ്റെ ദാനമായ രക്ഷ നാം ക്രിസ്തുവിലുള്ള വിശ്വാസത്താൽ സ്വീകരിക്കുന്നു. രക്ഷ എന്ന ദാനം, ദൈവത്തിന് മനുഷ്യനോടുള്ള സ്നേഹത്തിൻ്റെയും കൃപയുടെയും മനോഹരമായ പ്രകടനമാണ്.

# കൃപാവരങ്ങൾ എന്ന ദാനം

പഠനം



സുനിജാ ഗോൾഡ്

"ആത്മീക വരങ്ങളെക്കുറിച്ച് നിങ്ങൾക്ക് അറിവില്ലാതിരിക്കരുത്" (1കൊരി: 12:1).

വിശ്വാസികൾക്കിടയിൽ തെറ്റിദ്ധരിക്കപ്പെട്ടതും വളരെ പ്രാധാന്യം അർഹിക്കുന്നതുമായ ഒരു പഠനമാണ് പരിശുദ്ധാത്മവരങ്ങൾ. അപ്പോസ്തലനായ പൗലോസ് തന്റെ ലേഖനത്തിൽ "....ആത്മീക വരങ്ങളെക്കുറിച്ച് നിങ്ങൾക്ക് അറിവില്ലാതിരിക്കരുത് എന്ന് ഞാൻ ആഗ്രഹിക്കുന്നു" എന്ന് പറയുന്നു (1 കൊരി: 12:1).

വരങ്ങൾ, പ്രധാനമായും രണ്ട് പേരുകളിലാണ് ദൈവവചനത്തിൽ പരാമർശിച്ചിരിക്കുന്നത്.

**1. ആത്മീക വരങ്ങൾ**

**2. കൃപാവരങ്ങൾ**

ആത്മീകവരങ്ങൾ എന്നതിന് ന്യൂമാറ്റിക്കോസ് (Pneumatikos) എന്ന ഗ്രീക്ക് വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. ആത്മീയമായത് എന്ന ആശയമാണിതിനുള്ളത്. (റോമ: 7:14, 1 കൊരി 12:1, 14:1). കരിസ്മാറ്റോൺ ( Charismaton) എന്ന വാക്കാണ് കൃപാവരങ്ങൾ എന്നതിന് ഉപയോഗിച്ചിരിക്കുന്നത്. ഒരു വ്യക്തിയുടെ കഴിവുകൊണ്ടല്ല ദൈവത്തിൻറെ കൃപയാലാണ് ആത്മീക ശുശ്രൂഷകൾക്കുള്ള പ്രാപ്തി ലഭിക്കുന്നതെന്ന് ഈ പ്രയോഗം സമർത്ഥിക്കുന്നു (1 കൊരി:12: 4, റോമ: 12:3,6).

ജന്മസിദ്ധമായി ലഭിക്കുന്ന കഴിവുകൾക്കാണ് താലന്തുകൾ എന്ന് നാം പറയുന്നത്. ഇത് നൈസർഗികമായി ഒരു വ്യക്തി ജനിക്കുമ്പോൾ തന്നെ ലഭിക്കുന്നു. മാതാപിതാക്കളിൽ നിന്നും ലഭിച്ച ഈ കഴിവുകൾ ആ വ്യക്തിയുടെ വളർച്ചയിൽ പ്രത്യക്ഷപ്പെടുകയും പുരോഗതി പ്രാപിക്കുകയും ചെയ്യുന്നു. ആത്മീക വരങ്ങളെയും ജന്മസിദ്ധ കഴിവുകളെയും തമ്മിൽ ഒരു വിശ്വാസി വേർതിരിച്ച് ഗ്രഹിക്കേണ്ടതാണ്. പരിശുദ്ധാത്മാവിന്റെ വ്യക്തി സാന്നിധ്യവും ശക്തിയും പ്രകടമാകുന്ന മഹത്തായ പ്രവർത്തനമാണ് കൃപാവരങ്ങൾ. സഭയിലെ ഓരോ അംഗങ്ങൾക്കും അവനവന്റെ വിശ്വാസത്തിന്റെ അളവ്

ത്രീയേക
ദൈവമാണ്
കൃപാവരത്തി
ന്റെ ദാതാവ്

പങ്കുവെക്കലാണ്, കൃപാവരദാനത്തിലൂടെ സാദ്ധ്യമാകുന്നത്.

യേശുക്രിസ്തുവിന്റെ അതിമഹത്തായ ദാനമാണ് കൃപാവരങ്ങൾ. ഒരു വ്യക്തിയുടെ കഴിവുകൊണ്ട് നേടുന്നതല്ല, വിശ്വാസികളിൽ ഓരോരുത്തർക്കും ക്രിസ്തുവിലൂടെ വിവിധ അളവിൽ ലഭിച്ച ദാനങ്ങളാണ് വരങ്ങൾ (എഫെ: 4:7). ഗൃഹവിചാരകത്വത്തിനുള്ള ശുശ്രൂഷ കൂടെയാണ് കൃപാവരങ്ങൾ (1 പത്രോ: 4:10,11). ദൈവസഭയിലെ ശുശ്രൂഷയ്ക്ക് വേണ്ടിയുള്ളതാണ് കൃപാവരങ്ങൾ ഓരോന്നും. ഓരോരുത്തർക്ക് ലഭിച്ച കൃപാവരങ്ങൾ ദൈവം തന്ന ശുശ്രൂഷകളാണ്. അത് ദൈവത്തിനു വേണ്ടി ദൈവസഭയിൽ നിർവഹിക്കേണ്ടതാണ്.

ത്രീയേക ദൈവമാണ് കൃപാവരത്തിന്റെ ദാതാവ്. "ഭാവിക്കേണ്ടതിന്നു മീതെ ഭാവിച്ചുയരാതെ ദൈവം അവനവന്നു വിശ്വാസത്തിന്റെ അളവു പങ്കിട്ടതുപോലെ സുബോധമാകുംവണ്ണം ഭാവിക്കേണമെന്നു ഞാൻ എനിക്കു ലഭിച്ച കൃപയാൽ നിങ്ങളിൽ ഓരോരുത്തനോടും പറയുന്നു" എന്നു തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു (റോമ 12:3). ഓരോരുത്തരുടെ വിശ്വാസത്തിന്റെ അളവനുസരിച്ച് സർവ്വജ്ഞാനിയായ ദൈവം കൃപാവരങ്ങൾ വിതരണം ചെയ്യുന്നു. "സർവ്വത്തിന്റെയും നിറവായിരിക്കുന്നവനും സ്വർഗ്ഗസ്ഥനായി, സ്വർഗത്തിനു മീതെ കയറിയവനുമായ ദൈവപുത്രനും കൃപാവരദാനത്തിൽ പങ്കാളിയാണ്" (എഫേ: 4:7 - 11). "എന്നാൽ ഇതു എല്ലാം പ്രവർത്തിക്കുന്നതു താൻ ഇച്ഛിക്കുംപോലെ അവനവന്നു അതതു വരം പകുത്തുകൊടുക്കുന്ന ഒരേ ആത്മാവു തന്നേ" (1. കൊരി: 12: 11). "എന്നാൽ കൃപാവരങ്ങളിൽ വ്യത്യാസം ഉണ്ടു; ആത്മാവു ഒന്നത്രേ" (1. കൊരി: 12: 4). വരങ്ങളിൽ വ്യത്യാസങ്ങൾ ഉണ്ടെങ്കിലും ഒരേ ആത്മാവാണ് നൽകുന്നത്. അതുപോലെ ശുശ്രൂഷകളിൽ വ്യത്യാസമുണ്ടെങ്കിലും ശുശ്രൂഷ നൽകുന്നത് കർത്താവ് ആണ് (1. കൊരി: 12: 5). ഇങ്ങനെ ത്രീയേക ദൈവം തന്നെ സഭയുടെ ആത്മീയ കെട്ടുപണിക്കായി സഭാവിശ്വാസികൾക്ക് വിവിധ വരദാനങ്ങൾ നൽകുന്നു.

രക്ഷിക്കപ്പെട്ട എല്ലാവർക്കും കൃപാവരങ്ങൾ ഉണ്ട്. ഒന്നോ അതിലധികമോ കൃപാവരങ്ങൾ കർത്താവ് ഓരോ വിശ്വാസിക്കും നൽകുന്നുണ്ട്. എന്നാൽ ഒരു വ്യക്തിക്ക് എല്ലാ വരങ്ങളും കൊടുക്കുന്നില്ല, (1.കൊരി:12: 7,11, എഫെ: 4 :11, 1. പത്രോ: 4 :10, 11). അർഹതയില്ലാത്ത സ്ഥാനത്ത് ആത്മീക ശുശ്രൂഷകൾ നിർവ്വഹിക്കുന്നതിനായി ദൈവം നൽകുന്ന ദാനങ്ങളാണ് കൃപാവരങ്ങൾ. രക്ഷിക്കപ്പെടുമ്പോൾ തന്നെയാണ് അത് വ്യക്തിയിലേക്ക് പകരപ്പെടുന്നത്. കാലക്രമേണ മാത്രമേ അത് നമുക്ക് തിരിച്ചറിയുവാൻ കഴിയൂ. "നിങ്ങൾ ഒരു കൃപാവരത്തിലും കുറവില്ലാത്തവർ"(1. കൊരി:1:7) എന്നാണ് പൗലോസ് കൊരിന്ത്യരെ വിശേഷിപ്പിച്ചത്. അതേസമയം കൊരിന്ത്യർ ജഢീകൻമാരും ക്രിസ്തുവിൻ ശിശുക്കളായവരും എന്ന് താൻ ആവർത്തിച്ചു പറയുന്നുണ്ട് (1. കൊരി: 3 -13). ആത്മീയ വരങ്ങളുടെ സമൃദ്ധിയിൽ നിൽക്കുമ്പോഴും കൊ

**രക്ഷിക്കപ്പെട്ട
എല്ലാവർക്കും
കൃപാവരങ്ങൾ
ഉണ്ട്.**

> കൃപാവരങ്ങളുടെ പ്രധാനമായ ഉദ്ദേശം ദൈവസഭയുടെ ആത്മീയ അഭിവൃദ്ധിയാണ്.


രിന്ത്യർ ലോകത്തിലെ സകല പാപങ്ങൾക്കും തിന്മകൾക്കും പങ്കുകാരായിരുന്നു. ലോകമനുഷ്യരെപ്പോലെ ജീവിച്ചിരുന്നു. അതുകൊണ്ടു തന്നെ ഏതൊരു കൃപാവരവും ഒരുവന്റെ ആത്മീകതയുടെ പര്യായമല്ല. "ദൈവം തന്റെ കൃപാവരങ്ങളെയും വിളിയെയും കുറിച്ച് അനുതപിക്കുന്നില്ലല്ലോ" (റോമ: 11: 29). ഒരു വിശ്വാസിയുടെ ജീവിതത്തിലെ കുറവുകൾ അഥവാ പാപങ്ങൾ കൊണ്ട് അവന് ലഭിച്ച കൃപാവരങ്ങൾ നഷ്ടപ്പെടുന്നില്ല. ദൈവം കൃപാവരം നൽകിയല്ലോ എന്ന് വിചാരിച്ചു അനുതപിക്കുന്നില്ല. കൃപയാൽ ദൈവം നൽകിയ രക്ഷ ഭദ്രമായിരിക്കുന്നതുപോലെ കൃപയാൽ ലഭിച്ച കൃപാവരങ്ങളും ഭദ്രമായിരിക്കുന്നു, അവ നഷ്ടപ്പെടുന്നില്ല.

കൃപാവരങ്ങളുടെ പ്രധാനമായ ഉദ്ദേശം ദൈവസഭയുടെ ആത്മീയ അഭിവൃദ്ധിയാണ്. "സകലവും ആത്മീക വർദ്ധനയ്ക്കായി ഉതകട്ടെ" (1.കൊരി: 14:26). ആത്മീകവരങ്ങൾ എല്ലാം ദൈവസഭയുടെ ആത്മീകവർദ്ധനവിനായി ഉതകണം. ആത്മീകവളർച്ച എന്നാൽ സഭയുടെ കെട്ടുപണി എന്നർത്ഥം. ആത്മീക വരങ്ങൾ ഒരു വ്യക്തിയുടെ സ്വന്തം ആത്മീക വർദ്ധനയ്ക്കുള്ളതല്ല, സഭയുടെ വളർച്ചക്കും കെട്ടുറപ്പിനും ഉള്ളതാകുന്നു (1. കൊരി:12:7,14:5,26, എഫെ: 4:13). അതുപോലെ ഓരോ കൃപാവരങ്ങളും വിശുദ്ധന്മാരുടെ യഥാസ്ഥാനത്തിനും ഗുണീകരണത്തിനുമായി ഉപകരിക്കണം (എഫെ: 4:12-13). മാത്രമല്ല, "ഓരോരുത്തന് വരം ലഭിച്ചതുപോലെ വിവിധമായുള്ള ദൈവകൃപയുടെ നല്ല ഗൃഹവിചാരകന്മാരായി കൃപാവരം കൊണ്ട് അന്യോന്യം ശുശ്രൂഷിപ്പിൻ" (1. പത്രോ: 4:10). "വിശുദ്ധന്മാരുടെ യഥാസ്ഥാനത്തിനായുള്ള ശുശ്രൂഷയുടെ വേലയ്ക്കും" പരസ്പരം കടമകളും കർമ്മങ്ങളും നിറവേറ്റേണ്ടതാണ് (എഫെ: 4:13). ഒരു ശരീരത്തിന്റെ അവയവങ്ങളായ ക്രിസ്തുവിന്റെ സഭയിലെ അംഗങ്ങൾ അന്യോന്യം ഭാരങ്ങൾ ചുമക്കുകയും കണ്ണുനീർ തുടയ്ക്കുകയും ആശ്വസിപ്പിക്കുകയും വേണം. കൃപാവരങ്ങൾ നൽകിയതിന്റെ മുഖ്യ ഉദ്ദേശങ്ങളാണ് ഇവ.

കൃപാവരങ്ങൾ ഒരിക്കലും ആത്മീയതയുടെ ലക്ഷണം അല്ല, കൃപാവരം ഒരിക്കലും നഷ്ടപ്പെടുന്നില്ല, കൃപാവരങ്ങൾ നിലനിൽക്കുന്നതും നിന്നുപോകുന്നവയും ഉണ്ട് (1.കൊരി: 13:8). നിരന്തരമായ പ്രാർത്ഥനയിലൂടെ കൃപാവരത്തെ കണ്ടെത്തുവാൻ സഹായിക്കുന്നതാണ്. ഒരു വിശ്വാസിക്ക് കൃപാവരത്തോടുള്ള ബന്ധത്തിൽ വളരെയധികം ഉത്തരവാദിത്തങ്ങൾ ഉണ്ട്. കൃപാവരങ്ങളെ ഉപയോഗിക്കണം (1. പത്രോ: 4:10), കൃപാവരങ്ങൾ ദുരുപയോഗപ്പെടുത്തരുത് (1. കൊരി: 4:12), കൃപാവരങ്ങൾ ജ്വലിപ്പിക്കണം (2. തീമോ:1:6), ഇല്ലാത്തവരങ്ങൾ ഉപയോഗിക്കരുത് (റോമ: 12:3), കൃപാവരങ്ങളെ തുച്ഛീകരിക്കരുത് (1. തെസ്സ: 5:19, 20).

> ഒരു വിശ്വാസിക്ക് കൃപാവരത്തോടുള്ള ബന്ധത്തിൽ വളരെയധികം ഉത്തരവാദിത്തങ്ങൾ ഉണ്ട്.

എല്ലാ വിശ്വാസികൾക്കും കൃപാവരം ലഭിച്ചിട്ടുണ്ട്, അത് കണ്ടെത്തുവാനും കർത്താവിന്റെ നാമമഹത്വത്തിന് വേണ്ടി ജീവിക്കുവാനും അവിടുത്തെ രാജ്യത്തിന്റെ കെട്ടുപണിക്കു വേണ്ടി ഉപയോഗിക്കുവാനും നമുക്ക് ഓരോരുത്തർക്കും സാധിക്കട്ടെ.




# മാറ്റങ്ങളെ ഭയക്കുന്നുവോ?

മാറ്റങ്ങളെ ഭയക്കേണ്ടതുണ്ടോ? പക്ഷേ തീർച്ചയായും നമ്മൾ ഭയന്നുപോകും, അതാണ് യാഥാർത്ഥ്യം. ആൽബർട്ട് ഐൻസ്റ്റിനെക്കുറിച്ച് ഒരു കഥ ഇങ്ങനെ കേട്ടിട്ടുണ്ട്. ഒരിയ്ക്കൽ അദ്ദേഹം ട്രെയിനിൽ യാത്ര ചെയ്യുമ്പോൾ അദ്ദേഹത്തിന്റെ ടിക്കറ്റ് നഷ്ടമായി. പരിശോധകൻ ടിക്കറ്റ് പരിശോധനയ്ക്കായി വന്നപ്പോൾ ടിക്കറ്റ് ഇല്ലാതെ ബുദ്ധിമുട്ടുന്ന ഐൻസ്റ്റിനെയാണ് കണ്ടത്. പക്ഷേ പരിശോധകൻ അദ്ദേഹത്തെ ആശ്വസിപ്പിച്ചു. സാരമില്ല, എനിക്കു താങ്കളെ അറിയാം, നിങ്ങൾ ടിക്കറ്റിനെക്കുറിച്ചു പരിഭ്രമിക്കേണ്ട. പരിശോധകൻ പലവട്ടം വന്നു ഐൻസ്റ്റിനെ ആശ്വസിപ്പിച്ചിട്ടും അതൊന്നും അദ്ദേഹം ഗൗരവമായി എടുത്തില്ല, അത്രയ്ക്കും അസാധാരണമായ ഒരു ഭയം അദ്ദേഹത്തെ പിടിമുറുക്കിയിരുന്നു.

ചിലപ്പോഴെങ്കിലും ജീവിതത്തിൽ അപ്രതീക്ഷിതമായ സാഹചര്യങ്ങളെ അഭിമുഖീകരിക്കുമ്പോൾ ഭയന്നുപോകുന്നവരാണ് നമ്മളേവരും. വാസ്തവത്തിൽ നാം എന്തിനെയാണ് ഭയക്കുന്നത്? ടിക്കറ്റ് നഷ്ടപ്പെട്ടപ്പോൾ പരിശോധകൻ ആശ്വസിപ്പിച്ചട്ടും അത് ഉൾക്കൊള്ളുവാൻ കഴിയാതിരുന്നത് ടിക്കറ്റില്ലാതെ യാത്ര ചെയ്യേണ്ടി വരുന്ന സാഹചര്യത്തെ അല്ലെങ്കിൽ ആ മാറ്റത്തെ ഉൾക്കൊള്ളുവാൻ കഴിയാത്തതുകൊണ്ടാണ്. മാറ്റങ്ങളെ നാം ഭയക്കുന്നു. ക്ലാസ്സിൽ മെച്ചമായ പഠനം കാഴ്ച വെക്കുന്ന ഒരു കുട്ടിക്ക് പരീക്ഷ മാറ്റി വെച്ചു എന്ന വാർത്ത ഭയമുളവാക്കുന്നതാണ്. പഠിച്ച കാര്യങ്ങൾ വീണ്ടും ചില ദിവസങ്ങൾക്കൂടി ഓർത്ത് വെക്കേണ്ട ദുരിതാവസ്ഥ അവരെ സംബന്ധിച്ചിടത്തോളം അസഹനീയമാണ്.

കാലത്തിന്റെ മാറ്റം, സ്വാഭാവത്തിന്റെ മാറ്റം, സാഹചര്യങ്ങളുടെ മാറ്റം, സ്നേഹിതരുടെ മാറ്റം, ആശയങ്ങളുടെ മാറ്റം, വ്യവസ്ഥിതികളുടെ മാറ്റം ഇവയൊക്കെ നമ്മെ ഭയപ്പെടുത്തിയേക്കം. എന്നാൽ നമ്മുടെ കർത്താവ് നമ്മോട് വ്യക്തമായി പറഞ്ഞിട്ടുണ്ട് - നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുതെന്ന്....കാരണം ക്രിസ്തു ക്രൂശിക്കപ്പെടും , ഇതുവരെയുണ്ടായിരുന്ന സാഹചര്യങ്ങളും അനുഭവങ്ങളും അല്ല ക്രിസ്തുവിന്റെ ശിഷ്യന്മാർ നേരിടുവാൻ പോകുന്നത്. ക്രിസ്തു തങ്ങളോടൊപ്പം ഇനി ഇല്ലാതിരിക്കുന്ന സാഹചര്യങ്ങളാണ് വരുവാൻ പോകന്നത്. എല്ലാം മുന്നിൽ കണ്ട കർത്താവ് ശിഷ്യരോടായി പറഞ്ഞു, നിങ്ങൾ കലങ്ങരുത്, നിങ്ങൾ എന്നിൽ വിശ്വസിക്കണം. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും.

മാറ്റങ്ങളെ നാം ഭയക്കുന്നുണ്ടെങ്കിൽ അതു വേണ്ട എന്നാണ് കർത്താവ് നമ്മോട് പറയുന്നത്. അനുസരിക്കുന്നതാണ് നമുക്ക് അഭികാമ്യം. (LG)



# Embracing Uncertainty: A Season of Hope

Bettina K Peter

Youth Special

Pretending to experience something and actually living through it are two entirely different things. Often, it's much easier to pretend than to genuinely face it. This realization often comes only when it's experienced firsthand. The "Waiting Season" is a prime example of this. It doesn't necessarily entail waiting for something that has been planned and prepared for; instead, it's about waiting without knowing what the outcome will be or what steps to take next. Many may find themselves in this phase, experiencing all the uncertainties it brings.

## The Weight of Waiting: Struggles and Challenges

One of the most exhausting aspects of this season is the unsolicited questions, advice, and criticism from those around you. You may find yourself bombarded with questions and suggestions daily, as people offer their opinions and guidelines from every direction. Despite trying different approaches, it often feels like nothing works out, leaving you feeling stuck.

The real danger emerges when self-doubt begins to creep in. Seeing others secure good jobs, move abroad, and live their dreams, you might start to wonder: "I've been trying for so long, and they didn't even have to. Am I just wasting my time? Should I give up and pursue something else? What should I do next?" These thoughts can spiral, intensifying the uncertainty you already feel.

As these doubts accumulate, they often lead to disappointment, anxiety, and overthinking, sometimes even progressing into depression. It becomes tempting to mask your feelings, sweeping problems under the rug to maintain appearances. However, the weight can become overwhelming, potentially leading to emotional breakdowns. This struggle is common, and while it may seem easier to hide the pain, avoiding the issue rarely solves it. So, what might the solution be?

## The Result of Waiting: Outcomes and Lessons

This season often results in two possible outcomes: it can either draw you closer to God or pull you away



from Him. The latter usually occurs when you become preoccupied with the question, “When will it happen?” so much that it evolves into “Will something ever happen?” This can ultimately lead to the thought, “Why should I believe in a God who isn’t fixing my situation?”

Such questions are genuine, and no one can be blamed for feeling this way.

So, is God really inactive during this time? Let us unwrap this question. Not knowing when something will happen is incredibly frustrating. You wait for a sign to reaffirm your faith, but nothing appears. This might be precisely the phase where blind faith becomes essential. It is in these moments that one can begin to understand the meaning behind Jesus’ words to the Apostle Thomas: “Blessed are those who have not seen and yet have believed” (John 20:29).

It’s important to remember that the timing is not ours to dictate. Fortunately, there are promises we can cling to during these uncertain times. In Isaiah 60:22, we read: “At the right time, I, the Lord, will make it happen.” This assures us that it will not be too late or too soon, but rather at the right moment. Moreover, we are reminded that “I know that everything God does will endure forever; nothing can be added to it, nor anything taken from it” (Ecclesiastes 3:14). Holding onto these promises can help ground us as we navigate the waiting season.

## The Fruit of Waiting: Glory and Hope

Just believing in these promises doesn’t immediately remove all the anxiety, worries, and overthinking, as the enemy may repeatedly use these tools to challenge you. However, as a child of God, this shouldn’t trouble you, for it is written: “You, dear children, are from God and have overcome them, because the one who is in you is greater than the one who is in the world” (1 John 4:4).

Rather than relying on your own strength, why not lean on Him to guide you through this season and bring you safely to the shore? Even though the journey may feel challenging, overwhelming at times, one day, you might find yourself joyfully declaring, “He has made everything beautiful in its time” (Ecclesiastes 3:11) because He is not a God who merely gets things done. He is the One who is able, through His mighty power at work within us, to accomplish infinitely more than we might ask or think (Ephesians 3:20).

Ultimately, you may realize that the waiting is not in vain; it shapes and refines you. As Romans 5:3-5 says: “Not only so, but we also glory in our sufferings, because we know that suffering produces perseverance; perseverance, character; and character, hope. And hope does not put us to shame, because God’s love has been poured out into our hearts through the Holy Spirit, who has been given to us.”




Click me

ക്രിസ്മസുമായി ബന്ധപ്പെട്ട കഥകളും ചരിത്രങ്ങളും വസ്തുതകളും അറിയാം.. ഇ-ബുക്ക് ഡൌൺലോഡ്ചെയ്യാം..













ക്രിസ്മസ് സ്പെഷ്യൽ പ്രോഗ്രാമുകൾ കാണാം..

Click me

## ഗുരുമൊഴി

“നല്ല മനുഷ്യൻ തന്റെ ഹൃദയത്തിലെ നല്ല നിക്ഷേപത്തിൽനിന്ന് നല്ലതു പുറപ്പെടുവിക്കുന്നു; ദുഷ്ടൻ ദോഷമായതിൽനിന്ന് ദോഷം പുറപ്പെടുവിക്കുന്നു. ഹൃദയത്തിൽ നിറഞ്ഞു കവിയുന്നതല്ലോ വായ് പ്രസ്താവിക്കുന്നത്” (ലൂക്കാ 6:45).

"A good man brings good things out of the good stored up in his heart, and an evil man brings evil things out of the evil stored up in his heart. For the mouth speaks what the heart is full of" (Luke: 6:45).

**KRISTHEEYA SODARI**
CHRISTIAN BI MONTHLY / NOV - DEC 2024

# 2025 HAPPY New Year

To read, listen, share & download, visit: www.sodari.in

### JANUARY

| SUN | MON | TUE | WED | THU | FRI | SAT |
|---|---|---|---|---|---|---|
| | | | 01 | 02 | 03 | 04 |
| 05 | 06 | 07 | 08 | 09 | 10 | 11 |
| 12 | 13 | 14 | 15 | 16 | 17 | 18 |
| 19 | 20 | 21 | 22 | 23 | 24 | 25 |
| 26 | 27 | 28 | 29 | 30 | 31 | |

### FEBRUARY

| SUN | MON | TUE | WED | THU | FRI | SAT |
|---|---|---|---|---|---|---|
| | | | | | | 01 |
| 02 | 03 | 04 | 05 | 06 | 07 | 08 |
| 09 | 10 | 11 | 12 | 13 | 14 | 15 |
| 16 | 17 | 18 | 19 | 20 | 21 | 22 |
| 23 | 24 | 25 | 26 | 27 | 28 | |

### MARCH

| SUN | MON | TUE | WED | THU | FRI | SAT |
|---|---|---|---|---|---|---|
| 30 | 31 | | | | | 01 |
| 02 | 03 | 04 | 05 | 06 | 07 | 08 |
| 09 | 10 | 11 | 12 | 13 | 14 | 15 |
| 16 | 17 | 18 | 19 | 20 | 21 | 22 |
| 23 | 24 | 25 | 26 | 27 | 28 | 29 |

### APRIL

| SUN | MON | TUE | WED | THU | FRI | SAT |
|---|---|---|---|---|---|---|
| | | 01 | 02 | 03 | 04 | 05 |
| 06 | 07 | 08 | 09 | 10 | 11 | 12 |
| 13 | 14 | 15 | 16 | 17 | 18 | 19 |
| 20 | 21 | 22 | 23 | 24 | 25 | 26 |
| 27 | 28 | 29 | 30 | | | |

### MAY

| SUN | MON | TUE | WED | THU | FRI | SAT |
|---|---|---|---|---|---|---|
| | | | | 01 | 02 | 03 |
| 04 | 05 | 06 | 07 | 08 | 09 | 10 |
| 11 | 12 | 13 | 14 | 15 | 16 | 17 |
| 18 | 19 | 20 | 21 | 22 | 23 | 24 |
| 25 | 26 | 27 | 28 | 29 | 30 | 31 |

### JUNE

| SUN | MON | TUE | WED | THU | FRI | SAT |
|---|---|---|---|---|---|---|
| 01 | 02 | 03 | 04 | 05 | 06 | 07 |
| 08 | 09 | 10 | 11 | 12 | 13 | 14 |
| 15 | 16 | 17 | 18 | 19 | 20 | 21 |
| 22 | 23 | 24 | 25 | 26 | 27 | 28 |
| 29 | 30 | | | | | |

### JYLY

| SUN | MON | TUE | WED | THU | FRI | SAT |
|---|---|---|---|---|---|---|
| | | 01 | 02 | 03 | 04 | 05 |
| 06 | 07 | 08 | 09 | 10 | 11 | 12 |
| 13 | 14 | 15 | 16 | 17 | 18 | 19 |
| 20 | 21 | 22 | 23 | 24 | 25 | 26 |
| 27 | 28 | 29 | 30 | 31 | | |

### AUGUST

| SUN | MON | TUE | WED | THU | FRI | SAT |
|---|---|---|---|---|---|---|
| | | | | | 01 | 02 |
| 03 | 04 | 05 | 06 | 07 | 08 | 09 |
| 10 | 11 | 12 | 13 | 14 | 15 | 16 |
| 17 | 18 | 19 | 20 | 21 | 22 | 23 |
| 24 | 25 | 26 | 27 | 28 | 29 | 30 |

### SEPTEMBER

| SUN | MON | TUE | WED | THU | FRI | SAT |
|---|---|---|---|---|---|---|
| | 01 | 02 | 03 | 04 | 05 | 06 |
| 07 | 08 | 09 | 10 | 11 | 12 | 13 |
| 14 | 15 | 16 | 17 | 18 | 19 | 20 |
| 21 | 22 | 23 | 24 | 25 | 26 | 27 |
| 28 | 29 | 30 | | | | |

### OCTOBER

| SUN | MON | TUE | WED | THU | FRI | SAT |
|---|---|---|---|---|---|---|
| | | | 01 | 02 | 03 | 04 |
| 05 | 06 | 07 | 08 | 09 | 10 | 11 |
| 12 | 13 | 14 | 15 | 16 | 17 | 18 |
| 19 | 20 | 21 | 22 | 23 | 24 | 25 |
| 26 | 27 | 28 | 29 | 30 | 31 | |

### NOVEMBER

| SUN | MON | TUE | WED | THU | FRI | SAT |
|---|---|---|---|---|---|---|
| 30 | | | | | | 01 |
| 02 | 03 | 04 | 05 | 06 | 07 | 08 |
| 09 | 10 | 11 | 12 | 13 | 14 | 15 |
| 16 | 17 | 18 | 19 | 20 | 21 | 22 |
| 23 | 24 | 25 | 26 | 27 | 28 | 29 |

### DECEMBER

| SUN | MON | TUE | WED | THU | FRI | SAT |
|---|---|---|---|---|---|---|
| | 01 | 02 | 03 | 04 | 05 | 06 |
| 07 | 08 | 09 | 10 | 11 | 12 | 13 |
| 14 | 15 | 16 | 17 | 18 | 19 | 20 |
| 21 | 22 | 23 | 24 | 25 | 26 | 27 |
| 28 | 29 | 30 | 31 | | | |

**JOIN OUR REGULAR PROGRAMS**

**BIBLE STUDY:** Monday 8 pm | **CHAIN PRAYER:** Tuesday, 4 am - 12 midnight | **PRAYER MEET:** Wednesday, 10.30 am to 12.00 noon | **GROUP PRAYER:** Thursday, 10.30 to 11.00 am | **HINDI SISTERS FASTING PRAYER:** Friday 2.00 pm | **TAMIL SISTERS PRAYER:** Saturday, 11 am to 1 pm | **SODARI YOUTH MEET:** Every third Saturday, 7 pm | **SODARI MONTHLY MEETING:** Every first Wednesday, 7 pm

Printed at Ebenezer Printpack, Thrissur. Edited, printed and published by: Lovely George, Pallickal House, Kariamplavu P.O, Koattanadu, Pathanamthitta, 689615. For private circulation only.